


പുസ്തകം 19  ലക്കം 6  ആഗസ്റ്റ് 2011  സുഹൂർ 1390  റമദാൻ 1432

### ചിലിയും ബാർബഡോസും അഹ്മദിയ്യാ ഭൂപടത്തിലേക്ക്

# അഹ്മദിയ്യത്ത് 200 രാഷ്ട്രങ്ങളിൽ

### അഞ്ച് ലക്ഷത്തോളം നവാഗതർ


**2.** വ്രതമനുഷ്ഠിക്കേണ്ട പ്രായം

**3.** ഇസ്‌ലാമിക വ്രതാനുഷ്ഠാനം

**4.** റമദാൻ - രണ്ട് താപങ്ങൾ

**5.** നോമ്പ്കാരന്റെ രണ്ട് സന്തോഷങ്ങൾ

**6.** റമദാൻ ഓർക്കേണ്ട കാര്യങ്ങൾ

**9.** തിരുനബി ഇല്ലാത്ത ഈദോ?


**10.** മൃഗം സംസാരിക്കുന്നുവെന്നോ?

**11.** ഒരു പിതാവ് മകൾക്ക് വേണ്ടി ചെയ്ത പ്രാർത്ഥനകൾ

**12.** മലബാർ ഖിലാഫത്ത് മോഹത്തിന് 90 വയസ്സ്

**13.** അഹ്മദിയ്യാ ഭൂപടത്തിലെ പുതിയ രാഷ്ട്രങ്ങൾ

**16.** ധന്യമായ ഒരു യാത്രാനുഭവം

**ലണ്ടൻ :** തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ ചിലിയിലും ബാർബഡോസിലും കഴിഞ്ഞവർഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമായ തോടെ ലോകത്തിലെ 200 രാഷ്ട്രങ്ങളിൽ അഹ്മദി യ്യത്ത് വേരൂന്നിക്കഴിഞ്ഞതായി അമീറുൽ മുഅ്മി നീൻ ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) അറിയിച്ചു. ഇവിടെ 45-ാമത് യു.കെ ജൽസാ സാലാനയിൽ കഴിഞ്ഞ ഒരു വർ ഷത്തെ പുരോഗതികളെ അനുസ്മരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു ഹുസൂർ. കഴിഞ്ഞ ഒരു വർഷ ത്തിനുള്ളിൽ നാല് ലക്ഷത്തി എൺപതിനായിര ത്തിൽപ്പരം ബൈഅത്തുകൾ നടന്നതായും ഹുസൂർ അറിയിച്ചു. സമാപന ദിവസം നടന്ന ആഗോള ബൈഅത്തിൽ ഇവർ വ്യത്യസ്ത നാടുകളിലിരുന്ന് ഇതിൽ ഭാഗഭാക്കായി.

1984 ന് ശേഷം ഇതുവരെയുള്ള 27 വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളികളുടെ അതി കഠിനമായ എതിർപ്പുണ്ടായിട്ടും ഈ കാലയളവിൽ 109 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഇത് കൂടാതെ ആഗോളാ ടിസ്ഥാനത്തിൽ 11018 (പതിനൊന്നായിരത്തി പതി നെട്ട്) പുതിയ സ്ഥലങ്ങളിൽ ആദ്യമായി ജമാഅത്ത് രൂപീകരിക്കപ്പെട്ടിരിക്കുന്നു. ജമാഅത്ത് രൂപീകരണ ത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് സിറാലിയോൺ ആണ്. ഇന്ത്യയിൽ ഈ വർഷം 18 പുതിയ ജമാ അത്തുകൾ രൂപീകൃതമായി. ഈ വർഷ മുണ്ടായ പള്ളികളുടെ മൊത്തം എണ്ണം 419 ആണ്. ഇതിൽ പുതുതായി നിർമ്മിച്ച പള്ളികളുടെ എണ്ണം 121 ഉം മറ്റുള്ളവരിൽ നിന്ന് ലഭിച്ച പള്ളികൾ 298ഉം ആണ്. ഈ വർഷമുണ്ടായ തബ്‌ലീഗ് കേന്ദ്രങ്ങ ളുടെ എണ്ണം 121 ആണ്. മുൻവർഷങ്ങൾ കൂടി കൂട്ടിയാൽ 102 രാജ്യങ്ങളിലെ മിഷൻ ഹൗസുകളുടെ എണ്ണം 2325 ആകുന്നു. മിഷൻ ഹൗസുകളുടെ നിർമ്മാണത്തിൽ ഇന്ത്യയാണ് ഒന്നാം സ്ഥാനത്ത്. പ്രസി ദ്ധീകരണ രംഗത്തും ഈ വർഷം കാര്യ മായ പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം പ്രസിദ്ധീകരിക്കപ്പെട്ട തഫ്സീ ർ കബീർ അറബി തർജ്ജമയ്ക്ക് അനഹ് മദീ പണ്ഡിതന്മാരുടെ ഇടയിൽ നിന്ന് വലി യ സ്വീകാര്യതയാണ് ലഭിച്ച് വരുന്നത്.

കൂടാതെ വിശുദ്ധഖുർആൻ ഇതുവരെ 70 ഭാഷകളിൽ പരിഭാഷ ചെയ്യപ്പെട്ടിരിക്കുന്നു. നില വിൽ 15 ഭാഷകളിൽ പരിഭാഷ നടന്നു വരുന്നു. എം.ടി.എ യുടെ നടപ്പുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയാണെങ്കിൽ, അല്ലാഹുവിന്റെ അനു ഗ്രഹത്താൽ വളരെ നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. മികച്ച മൊബൈൽ കമ്പനികളായ ബ്ലാക്ക്ബെറിയുടെയും ഐ ഫോണിന്റെയും മൊബൈലുകളിൽ ഇപ്പോൾ ആഗോളതലത്തിൽ എം.ടി.എ യുടെ മൂന്ന് ചാനലുകളും ലഭിച്ച് വരു ന്നതായി ഹുസൂർ തിരുമനസ്സ് അറിയിക്കുകയുണ്ടാ യി. ഹ്യൂമാനിറ്റി ഫസ്റ്റിന് കീഴിലും ഈ വർഷം വിവിധ രാജ്യങ്ങളിൽ സന്നദ്ധസേവന പ്രവർത്തന ങ്ങൾ നടക്കുകയുണ്ടായി. പ്രത്യേകിച്ച് ജപ്പാനിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ വളരെ നല്ല സേവ നപ്രവർത്തനങ്ങളാണ് നടന്നത്. ഈ വർഷം 124 രാജ്യങ്ങളിൽ നിന്നായി 352 സമുദായങ്ങൾ അഹ് മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. ബൈഅത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നൈജീരിയയാണ്. ഒരു ലക്ഷത്തി പതിനാറായിരം ബൈഅത്താണ് അവിടെ നടന്നത്. ഇന്ത്യയിൽ നടന്ന ബൈഅത്തുകൾ 2000 ആണ്.

- എൻ. ശഫീഖ് അഹ്മദ്

## ഇമാമുസമാന്റെ ഫത്‌വകൾ



## രോഗിയും, യാത്രക്കാരനും നോമ്പ് നോൽക്കരുത്

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, യാത്രയുടെയും, രോഗിയുടെയും അവസ്ഥയിൽ ഒരാൾ നോമ്പ് പിടിക്കുകയാണെങ്കിൽ അയാൾ വ്യക്തമായും അല്ലാഹുവിന്റെ ആജ്ഞയെ അനുസരിക്കാത്തവനാണ്. രോഗിയും, യാത്രക്കാരനും നോമ്പ് നോൽക്കരുത്. രോഗം മാറിയതിനു ശേഷവും, യാത്രയിൽ നിന്ന് തിരിച്ച് വന്നതിനു ശേഷവും നോമ്പ് നോൽക്കേണ്ടതാണ്. അല്ലാഹുവിന്റെ ആജ്ഞകളെ പ്രാവർത്തികമാക്കേണ്ടതാണ്. കാരണം മോക്ഷം അല്ലാഹുവിന്റെ അനുഗ്രഹത്തിലാണ്. തന്റെ കർമ്മങ്ങളുടെ ശക്തി കാണിച്ചു കൊണ്ട് മോക്ഷം കരസ്ഥമാക്കാൻ സാധ്യമല്ല. രോഗം വലുതാണോ, ചെറുതാണോ,യാത്ര ചെറുതാണോ, ദൈർഘ്യമുള്ളതാണോ എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച് വിധി പൊതുവായിട്ടുള്ളതാണ്. അത് പ്രാവർത്തികമാക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പ് നോൽക്കുകയാണെങ്കിൽ അത് നിയമ ലംഘനമായികരുതുന്നതാണ്.

(ബദർ 17-10-1907)

### കണ്ണ് രോഗികൾ

**ഒരാൾ ചോദിച്ചു: നോമ്പ്കാരന്റെ കണ്ണിന് രോഗമുണ്ടായാൽ അതിൽ മരുന്ന് ഒഴിക്കാൻ പാടുണ്ടോ?**

മറുപടി: ഈ ചോദ്യം തന്നെ തെറ്റാണ്. രോഗിക്ക് നോമ്പ് നോൽക്കാൻ അനുവാദമില്ല.

(ബദർ:7-2-1907)

**ചോദ്യം: നോമ്പുള്ളപ്പോൾ കണ്ണിൽ സുറുമ ഒഴിക്കാമോ?**

**ഉത്തരം:**അനിഷ്ടകരമാണ്.സുറുമ പകൽ ഉപയോഗിക്കുന്നതിന്റെ ആവശ്യമെന്താണ്. രാത്രിയിൽ ഉപയോഗിക്കാമല്ലോ.

**ചോദ്യം:നോമ്പുള്ളപ്പോൾ അത്തർ ഉപയോഗിക്കാമോ?**

**ഉത്തരം:** അനുവദനീയമാണ്.

**ചോദ്യം:നോമ്പിന്റെ അവസ്ഥയിൽ കണ്ണാടി നോക്കാമോ?**

**ഉത്തരം:** അനുവദനീയമാണ്.

**ചോദ്യം:നോമ്പുള്ളപ്പോൾ തലയിലും താടിയിലും എണ്ണ തേക്കാമോ?**

**ഉത്തരം:** തേക്കാൻ അനുവാദമുണ്ട്.

### ഉഷ്ണകാലത്തെ തൊഴിലാളികൾ

ചൂട്കാലത്ത് റമദാൻമാസം വരുമ്പോൾ കർഷകർക്ക് വിത്ത് വിതക്കൽ പോലുള്ള ധാരാളം ജോലികൾ ഉണ്ടാകുന്നു.അങ്ങനെ ഉപജീവനം നടത്തുന്ന ഇത്തരം തൊഴിലാളികൾക്ക് നോമ്പ് നോൽക്കാൻ കഴിയാറില്ല. ഇവരെ സംബന്ധിച്ച് എന്താണ് തീരുമാനം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്.അതായത്, കർമ്മങ്ങൾ അഖിലവും ഉദ്ദേശ്യത്തിലധിഷ്ഠിതമാണ്. ഇവർ തങ്ങളുടെ അവസ്ഥ ഗോപ്യമാക്കിവെക്കുകയാണ്. ഓരോ വ്യക്തിയും തഖ്‌വയുടെയും, പരിശുദ്ധിയുടെയും അടിസ്ഥാനത്തിൽ തങ്ങളുടെ അവസ്ഥയെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ആർക്കെങ്കിലും തന്റെ സ്ഥാനത്ത് വേലക്കാരെ വെക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യട്ടെ. അല്ലെങ്കിൽ രോഗിയുടെ പരിധിയിൽ വരുന്നതാണ്. പിന്നെ എളുപ്പം വന്നുകിട്ടിയാൽ നോമ്പ് എടുക്കുക. വ അലല്ലദീന യുത്തീഖൂനഹു. എന്നതിന്റെ അർത്ഥം, കഴിവില്ലാത്തവർ എന്നാണ്.

(ബദർ: 26/9/1907)

### തറാവീഹ്

തറാവീഹ് തഹജ്ജുദിന്റെ സ്ഥാനത്താണെങ്കിൽ 20 റക്ക്അത്തുകൾ നമസ്കരിക്കുന്നതിനെ കുറിച്ച് എന്താണ് അഭിപ്രായം? കാരണം, വിത്ത്റ് ഉൾപ്പെടെ 11 റക്കഅത്തോ,13 റക്ക്അത്തോ ആണ്?

ഉത്തരം:നബി (സ) യുടെ സ്ഥായിയായ സുന്നത്ത് 8 റക്ക്അത്തുകൾ തന്നെയാണ്. നബി (സ) ഇത് തഹജ്ജുദിന്റെ സമയത്താണ് അനുഷ്ഠിച്ചിരുന്നത്. ഇത് തന്നെയാണ് ശ്രേഷ്ഠകരം. എന്നാൽ രാത്രിയുടെ ആദ്യഭാഗത്തും നമസ്കരിക്കാവുന്നതാണ്. നബി(സ) രാത്രിയുടെ ആദ്യഭാഗത്ത് നമസ്കരിച്ചതായിട്ട് ഒരു രിവായത്തുണ്ട്. 20 റക്ക്അത്തുകൾ പിന്നീടാണ് നമസ്കരിച്ചിട്ടുള്ളത്. എന്നാൽ നബി(സ)യുടെ സുന്നത്ത് ആദ്യം വിവരിച്ചതു തന്നെയാണ്.

(മൽഫൂസാത്ത്:വാല്യം-2,പേജ്-113.)

### ഇഅ്ത്തിക്കാഫ്

**ചോദ്യം:** ഇഅ്ത്തിക്കാഫിലിരിക്കുന്ന ഒരാൾക്ക് ഭൗതികമായ വ്യവഹാരങ്ങളെ കുറിച്ച് സംസാരിക്കാമോ?

**ഉത്തരം:** വളരെ അത്യാവശ്യമാണെങ്കിൽ സംസാരിക്കാവുന്നതാണ്.രോഗിയെ സന്ദർശിക്കാനും, പ്രാഥമിക കാര്യങ്ങൾക്ക് വേണ്ടിയും പുറത്ത് പോകാവുന്നതാണ്.

(മൽഫൂസാത്ത്:വാല്യം-9,പേജ്-279.)

**സമ്പാ: മുഹമ്മദ് നജീബ് ഖാൻ**

# കർമശാസ്ത്രം

## വ്രതമനുഷ്ഠിക്കേണ്ട പ്രായം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: ചെറിയ കുട്ടികളെയും നോമ്പനുഷ്ഠിപ്പിക്കുന്ന പലരുമുണ്ട്, എന്നാൽ ഓരോ നിർബന്ധകടമക്കും കല്പനക്കും പ്രത്യേകമായ പരിധികളും കാലങ്ങളുമുണ്ട്. ചില കല്പനകൾ നാലു വയസ്സു മുതൽ തുടങ്ങുന്നു. ചില കല്പനകളുടെ കാലം ഏഴു വയസ്സുമുതൽ 12 വയസ്സുവരെയാണ്. മറ്റുചില കല്പനകൾ ആരംഭിക്കുന്നത് പതിനഞ്ചോ പതിനെട്ടോ വയസ്സു മുതലാണ്. പതിനഞ്ച് മുതൽ പതിനെട്ടുവരെ പ്രായമായാൽ വ്രതാനുഷ്ഠാനത്തിന്റെ കല്പന പ്രാബല്ല്യത്തിൽ വരുന്നു എന്നാണ് എന്റെ പക്ഷം. ഇതാണ് പ്രായപൂർത്തിയുടെ പരിധി. പതിനെഞ്ച് വയസ്സു മുതൽ വ്രതാനുഷ്ഠാനശീലം ഉണ്ടാക്കുകയും അനന്തരം പതിനെട്ട് വയസ്സായാൽ അത് നിർബന്ധമാണെന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.എനിക്കോർമ്മയുണ്ട്, ചെറുപ്പമായിരുന്നപ്പോൾ ഞങ്ങൾക്ക് വ്രതമനുഷ്ഠിക്കുന്നതിനുള്ള ആവേശമുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പനുഷ്ഠിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. മറിച്ച് നിരുത്സാഹപ്പെടുത്തിയിരുന്നു. കുട്ടികളുടെ വളർച്ച നിലനിറുത്തുന്നതിനും അവരുടെ ശക്തി പരിപോഷിപ്പിക്കുന്നതിനുമായി നോമ്പനുഷ്ഠിക്കുന്നതിൽ നിന്നും അവരെ തടയേണ്ടതാണ്. പതിനഞ്ചു വയസ്സായാൽ അവർ ശക്തിപ്രാപിക്കുന്നു. അപ്പോൾ അവരെ നോമ്പനുഷ്ഠിപ്പിക്കുക. എന്നാലതും സാവകാശമായിരിക്കണം. അതായത് ആദ്യവർഷത്തെക്കാൾ കൂടുതലായി അടുത്ത വർഷവും പിന്നീട് അതിലും കൂടുതലായി വ്രതമനുഷ്ഠിപ്പിക്കേണ്ടതാണ്. ഇപ്രകാരം ക്രമാനുഗതമായി വ്രതമനുഷ്ഠിക്കുന്ന ശീലം അവരിൽ ഉണ്ടാക്കിയെടുക്കുക. അവശേഷിക്കുന്ന ജീവിതത്തെയും പ്രവർത്തനങ്ങളെയും ബാധിക്കുമെന്നതിനാൽ ദുർബ്ബലരായിരിക്കുന്ന വൃദ്ധരെ സംബന്ധിച്ചിടത്തോളം അവർ നോമ്പനുഷ്ഠിക്കുന്നത് പുണ്യമുള്ള കാര്യമല്ല. അതുപോലെ അൻമ്പത്, അറുപത് കാലഘട്ടത്തിലേക്കുള്ള ശക്തി സംഭരിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കും വ്രതാനുഷ്ഠാനം നന്മയാകുകയില്ല. എന്നാൽ ശക്തി കൈവന്നവർ റമദാനിൽ വ്രതമനുഷ്ഠിക്കുന്നില്ലെങ്കിൽ പാപത്തിന്നിരയായിത്തീരുന്നു.

**ഫിഖ്ഹ് അഹ്മദിയ്യാ വിവ: ടി.കെ. മഹ്മൂദ് കൽകുളം**

## ഫിത്‌ർ സക്കാത്ത്

ഈദിന് മുമ്പേ ഫിത്‌ർ സക്കാത്ത് നിശ്ചിത സമയത്തിനകം നൽകേണ്ടതാണ്. തുകയെക്കുറിച്ച് ജമാഅത്തുകളിൽ അറിയിപ്പ് ലഭിക്കുന്നതാണ്. നവജാതശിശുവിന്റെ പേരിൽ പോലും ഈ തുക അടക്കേണ്ടതാണ്. സാമ്പത്തികമായി ഞെരുക്കമുള്ളവർക്ക് പകുതി കൊടുക്കാനുള്ള സാവകാശമുണ്ട്.

## ഈദ് ഫണ്ട്

ഈദ് ദിവസം നൽകപ്പെടുന്ന ഒരു ഐച്ഛിക ചന്ദയാണ് ഈദ് ഫണ്ട്. 100 വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആരംഭിച്ച ഈ ഫണ്ടിൽ ഭാഗഭാക്കാകേണ്ടതാണ്.

തഫ്സീർ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്)



يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ
كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ
لَعَلَّكُمْ تَتَّقُونَ (2:184)



# ഇസ്ലാമിക വ്രതാനുഷ്ഠാനം

ഏറ്റവും ആദ്യം തന്നെ അല്ലാഹു സത്യവിശ്വാസികളോട് പറയുന്നതിതാണ്, നിങ്ങളിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് മുൻപുള്ളവരിലും നിർബന്ധമാക്കപ്പെട്ടിരുന്നു. ലഅല്ലക്കും തത്തഖൂൻ നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നവരാകാൻ വേണ്ടി.

ഇതിന് രണ്ട് വിവക്ഷകളുണ്ടാവും ഒന്നാമതായി പാരായണം ചെയ്യുന്നയാൾ മനസ്സിലാക്കുന്നതിതാണ്. അല്ലാഹു പറയുന്നു, നോക്കൂ, നിങ്ങളെ മാത്രമല്ല നാം നിർബന്ധിക്കുന്നത് മറിച്ച് നിങ്ങൾക്ക് മുൻപുള്ള ആളുകളിലും വേണ്ടത്ര നിർബന്ധം ചെലുത്തിയിട്ടുണ്ട് .അതുകൊണ്ട് ആ പാവങ്ങളും വ്രതാനുഷ്ഠാനത്തിന്റെ കാര്യത്തിൽ പിടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവിടെ നിങ്ങളും പിടിക്കപ്പെടുന്നുവെങ്കിൽ എന്ത് വ്യത്യാസം വരാനാണ്? എന്നാൽ ഇവിടെ ഒരിക്കലും ഈ അർത്ഥമല്ല ഉദ്ദേശ്യം.

രണ്ടാമത്തെ വിവക്ഷ ഇതാണ്. അതായത്, മുൻപുള്ളവർക്കും നാം അനുഗ്രഹം നൽകിയിരുന്നു. അനുഗ്രഹങ്ങളെല്ലാം പൂർത്തീകരിച്ച് അതിനെ പൂർണ്ണ പദവിയിലേക്കെത്തിച്ച ആ പ്രവാചകനെ അംഗീകരിക്കുന്നവരാണ് നിങ്ങൾ .അത്കൊണ്ട് ഈ അനുഗ്രഹങ്ങൾക്ക് കൂടുതൽ അവകാശപ്പെട്ടവർ നിങ്ങളാണ്. ലഅല്ലക്കും തത്തഖൂൻ,എന്തെന്നാൽ വ്രതാനുഷ്ഠാനങ്ങളുടെ ഫലം ഭയഭക്തിയിലാണ്. ഭയഭക്തിയുടെ അദ്ധ്യാപനം ഏറ്റവും കൂടുതൽ നൽകിയത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യാണ്. അത്കൊണ്ട് മുൻപുള്ളവരെക്കാളും കൂടുതൽ പ്രൗഢിയോടെ നിങ്ങളിൽ നോമ്പ് നിർബന്ധമാക്കേണ്ടത് ആവശ്യമായിരുന്നു.

മിൻഖബ്ലിക്കും എന്നതിൽ വിശുദ്ധഖുർആൻ, ഒരു മതവും തന്നെ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെടാത്തതായിട്ടില്ല എന്നതിലേക്കും വിരൽ ചൂണ്ടുന്നു. ചരിത്രത്തിൽ നിന്ന് അതിനെക്കുറിച്ച് അറിവ് ലഭിക്കുന്നു. ഈ വിഷയത്തെ ക്കുറിച്ച് എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്കയിൽ എഴുതുന്നത്, ലോകത്ത് എത്ര മതങ്ങൾ വന്നിട്ടുണ്ടോ അവയിലൊന്നും തന്നെ വ്രതാനുഷ്ഠാനത്തിന്റെ സങ്കൽപങ്ങളില്ലാതായിട്ടില്ല എന്നാണ്.

ഇന്നത്തെ കാലഘട്ടത്തിൽ ഈ ഗവേഷണം ഒരു പക്ഷെ വളരെ എളുപ്പമാണ്. എന്തെന്നാൽ മുഴുലോകത്തിന്റെയും വ്യത്യസ്ഥ ചരിത്രാവസ്ഥ ശേഖരിക്കപ്പെടുകയും പുസ്തകരൂപത്തിൽ മനുഷ്യകരങ്ങളിൽ വന്നെത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്ക് ഇത് അറിയിച്ച് കൊടുക്കുമ്പോൾ ലോകത്തിലെ ബഹുഭൂരിഭാഗം മതങ്ങളെക്കുറിച്ചും വിവരം ലഭിക്കാൻ ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അതിനാൽ ഏറ്റവും ആദ്യം ശ്രദ്ധ തിരിയുന്നത് അതിശയകരമായ പ്രതാപമുള്ള ഒരു പ്രവാചകനിൽ വിചിത്രമായ വചനങ്ങൾ ഇറങ്ങുകയും, ഒരു കാര്യം കൃത്യമായി പറയുകയും പിന്നീട് ശരിയായി സ്ഥാപിതമാവുകയും ചെയ്യുന്നു എന്നതിലേക്കാണ്. എന്നാൽ അതുമായി ബന്ധപ്പെട്ട് ബൗദ്ധികമായ യാതൊരു കാരണവും തന്നെയില്ലാതെ മുഴുലോകത്തെയും കുറിച്ച് ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നു. എന്നാൽ ഇന്നത്തെ കാലഘട്ടത്തിലെ മനുഷ്യൻ പൂർണ്ണ ഗവേഷണത്തിനും സർവ്വവിധ അന്വേഷണത്തിനും ശേഷം ഒരു തീരുമാനത്തിലെത്തുമ്പോൾ അത് ഇന്നേക്ക് 1400 വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)തിരുമേനിക്ക് അല്ലാഹുവിൽ നിന്ന് അറിയിക്കപ്പെട്ടിരുന്ന അതേ തീരുമാനം തന്നെയായിരിക്കും എടുക്കുന്നത്.

നിങ്ങൾ അന്വേഷിക്കുകയാണെങ്കിൽ, എത്ര കൃത്യതയോടും വ്യവസ്ഥതയോടും കൂടി എത്രയധികം നിബന്ധനകളോടും കൂടിയാണോ മുസ്ലിംകളിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിട്ടുള്ളത് അത് പോലെ ഒരു സമുദായത്തിലും ഒരിക്കലും നിർബന്ധമാക്കപ്പെട്ടിട്ടില്ല എന്ന സംഗതിയും നിങ്ങളുടെ മുന്നിൽ വരുന്നതാണ്. ബൈബിളിൽ നിന്നും വ്രതാനുഷ്ഠാനത്തെക്കുറിച്ച് പ്രതിപാദനം ലഭിക്കുന്നത് ഉദാ: മുഹർറം പത്തിനെ സംബന്ധിച്ച് വരുന്നത് ഇത് ഫിർഔന്റെ മർദ്ദനങ്ങളിൽ നിന്നും ഇസ്റായീൽ ജനതയ്ക്ക് മോചനം ലഭിച്ച ദിവസമാണെന്നാണ്. അതുകൊണ്ട് തന്നെ മൂസാ (അ)യുടെ അദ്ധ്യാപനങ്ങളിൽ ആ ദിനത്തെ സ്മരിക്കുകയും വ്രതമെടുക്കുകയും ചെയ്യണമെന്ന് വന്നിരിക്കുന്നു.

എന്നാൽ ഒരു മാസം മുഴുവനും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിട്ടുള്ളതായി മുൻപ് ഒരു സമുദായത്തിലും ഒരിക്കലും കാണാൻ സാധിക്കുന്നില്ല. വ്രതവുമായി ബന്ധപ്പെട്ട് വിവരിക്കുന്ന നിർദ്ദേശങ്ങളിലും വലിയ വ്യത്യാസമുണ്ട്. ചില പുരാതന മതങ്ങളിൽ വ്രതാനുഷ്ഠാനം ഈ രൂപത്തിലാണ് കാണുന്നത്, അതായത് തീയ്യിൽ പാകം ചെയ്ത സാധനം കഴിക്കരുത്, പഴങ്ങൾ വേണ്ടത്ര കഴിക്കാം. ഒരു പ്രത്യേക ഭക്ഷണം കഴിക്കാൻ പാടില്ല. വെള്ളം കുടിക്കാം, പാൽ കുടിക്കാവുന്നതാണ് എന്നൊക്കെ.

അപ്പോൾ ഈ വ്രതം ഇസ്ലാമിക വ്രതാനുഷ്ഠാനത്തിനു മുന്നിൽ വെറും പൊള്ളയായതും നാമമാത്രമായതുമായിത്തീരുന്നു. പിന്നെ ചില മതങ്ങളിൽ വ്രതാനുഷ്ഠാനത്തോടൊപ്പം ജോലി ചെയ്യരുത് എന്ന താക്കീതും കൂടിയുണ്ട്. ജോലിക്കും വ്രതമുണ്ട് എന്ന കാര്യം വിചിത്രമായതാണ്. ജോലിയിൽ നിന്ന് അവധി കിട്ടുന്നയാൾക്ക് പിന്നെ വ്രതം കൂടുതൽ എളുപ്പമായിത്തീരുന്നതാണ്. അതായത്, കാഴ്ചയിൽ ഇത് ഇസ്ലാമിക വ്രതങ്ങളിൽ ഇല്ലാത്ത ഒരു നിബന്ധനയാണ്. എന്നാൽ ഇത് പ്രാവർത്തികപഥത്തിൽ കൊണ്ടുവരാവുന്ന നിബന്ധനയല്ല. മറിച്ച് അവധിയെടുക്കാൻ നിർബന്ധിക്കുകയാണ് ചെയ്യുന്നത്.

- ഖുതുബാത്തെ ത്വാഹിർ
വാള്യം 2 പേജ് 315 - 317
വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി

ഖാദിംകളോട്



മുസ്ലിഹ് മൗഊദ്(റ)

## റമദാന്റെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുക

പരിശുദ്ധ റമദാൻ വന്നുകഴിഞ്ഞിട്ടും തങ്ങളുടെ നോമ്പിൽ മാത്രം തൃപ്തി അടയുകയും ..... തങ്ങളുടെ കടമ കഴിഞ്ഞുവെന്നും അവർ മനസ്സിലാക്കുന്നു. എന്നാൽ ഏതു വരെ മക്കളെ ശരിയായ അർത്ഥത്തിൽ ദീനിന്റെ നിബന്ധനകളെ കുറിച്ച് ബോധവാൻമാരാവുകയും അവർക്ക് നോമ്പനുഷ്ഠാനത്തെക്കുറിച്ച് അത് പ്രാവർത്തികമാക്കാൻ സഹായിക്കുകയും ചെയ്യുന്നില്ലയോ അതുവരെ മാതാപിതാക്കളുടെ കടമ പൂർത്തിയാകുന്നില്ല.

ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസാറുല്ലാഹ്, ലജന തുടങ്ങിയവയെല്ലാം തങ്ങളുടെതായ രീതിയിൽ പ്രയത്നിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന അറിയിപ്പുകളനുസരിച്ച് ഒരു ഉണർവ് ഉണ്ടായിട്ടുണ്ട് എന്നറിയാൻ സാധിക്കുന്നു. ഒരു ബോധം ഉണ്ടായിട്ടുണ്ട്. കൂടാതെ ജമാഅത്ത് എല്ലാ മേഖലകളിലും ഉദാത്തമായ പരിശ്രമം ആരംഭിച്ചിട്ടുണ്ട്.

ആരാണോ തന്റെ മക്കളെ കുട്ടിക്കാലം മുതൽ തന്നെ ശ്രദ്ധിക്കുകയും അവരുടെ ഹൃദയങ്ങളിൽ ദീനീ സ്നേഹം ഉണ്ടാക്കുകയും നല്ല ശീലങ്ങൾ അവരുടെ ഉള്ളിൽ വളർത്തുകയും ചെയ്യുന്നത് അവർക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലുതായാലും ഒരു തരത്തിലുള്ള അപകടങ്ങളും ഉണ്ടാവുകയില്ല.

റമദാനിൽ നോമ്പിനെ കുറിച്ച് മാത്രമല്ല ഉണർത്തേണ്ടത്. മറിച്ച് നോമ്പിന്റെ ....ലേക്കും ശ്രദ്ധ തിരിക്കേണ്ടതാണ്. ഞാൻ ഒരു പ്രാവശ്യം ബാഹ്യമായി കണക്കെടുപ്പ് നടത്തി. യുവാക്കളോട്, നോമ്പ് എടുത്തിട്ടുണ്ടോ? അതോ ഇല്ലയോ? എങ്ങനെയാണെടുത്തത്? എന്നൊക്കെ ചോദിക്കാൻ തുടങ്ങി. അതിലധികമാളുകളും ഞങ്ങൾ രാവിലെ അത്താഴം കഴിച്ചാണ് നോമ്പെടുത്തത് എന്നായിരുന്നു മറുപടി പറഞ്ഞത്. നഫലിനെ കുറിച്ച് ഒന്നും തന്നെ പറഞ്ഞിരുന്നില്ല. എന്നാൽ (ഹ) മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ഒരിക്കൽ പറയുകയുണ്ടായി. അല്ലാഹു റമദാനിലെ നോമ്പാണ് നിർബന്ധമാക്കിയിരിക്കുന്നത്. ഞാൻ അതിനോടൊപ്പം തഹജ്ജുദിന്റെ സുന്നത്ത് സ്ഥാപിച്ചുകൊണ്ട് നിങ്ങൾ ക്കായി കൂടുതൽ ബർക്കത്തിന്റെ പാത ഉണ്ടാക്കിയിരിക്കുന്നു. തഹജ്ജുദ് നമസ്കാരം തന്നെ വളരെ നല്ല സംഗതിയാണ്. വിശുദ്ധ ഖുർആൻ അതിനെ വളരെയധികം പുകഴ്ത്തിയാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ കൂടുതലായ അനുഗ്രഹങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇത് സുതുത്യർഹമായ സ്ഥാനത്തേക്കെത്തിക്കുന്ന സംഗതിയാണ്. എന്നാൽ പരിശുദ്ധ റമളാനുമായി തഹജ്ജുദ് നമസ്കാരത്തിന് അഗാധമായ ബന്ധമുണ്ട്. (ഹ) ആയിശ സിദ്ദീഖ്(റ) നിവേദനം ചെയ്യുന്നു. ഹ.മുഹമ്മദ് മുസ്തഫാ(സ) തിരുമേനി റമദാനിലല്ലാതെ ഇത്ര ദീർഘനേരം തഹജ്ജുദ് നമസ്കരിക്കുന്നതായി കണ്ടിട്ടില്ല. ചില അവസരങ്ങളിൽ നബി തിരുമേനി (സ) ഏകദേശം മുഴുവൻ രാത്രിയും നിന്ന് തന്നെ കഴിച്ചു കൂട്ടുമായിരുന്നു.

(മശ്അലെ രാഹ് - വാള്യം - 3 പേജ് - 365, 366
വിവർത്തനം - നസീം അഹ്മദ്, ചേലക്കര)





**അൽഹഖ്**
വാർത്താപത്രിക

2011 ആഗസ്റ്റ്
പുസ്തകം 19 ലക്കം 6

# വീണ്ടുമൊരു വസന്തകാലം

റമദാൻ വീണ്ടും വന്നെത്തിയിരിക്കുന്നു. ആത്മീയ ലോകത്തെ വസന്തകാലമെന്നറിയപ്പെടുന്ന ഈ ഒരു മാസം ആത്മീയമായി ഊർജം സംഭരിക്കാനുള്ള കാലം കൂടിയാണ്. കൂടെ കൂടെ വന്നു ചേരുന്ന റമദാൻ തീർച്ചയായും അനുഗ്രഹങ്ങൾ സ്വായത്തമാക്കാനും അതിൽ പുരോഗതിനേടാനും, അതേക്കുറിച്ച് ആത്മപരിശോധന നടത്താനും ഉപകാരപ്പെടണം. റമദാന്റെ ആത്യന്തിക ലക്ഷ്യം ദൈവിക സാമിപ്യമാണ്. വിശുദ്ധ ഖുർആൻ റമദാനെ പരിചയപ്പെടുത്തുമ്പോൾ അതിന്റെ ഫലം ദൈവത്തെ കണ്ടുമുട്ടുകയാണെന്ന് വ്യക്തമാക്കുന്നു. തിരുനബി വചനങ്ങളും റമദാന്റെ പ്രതിഫലം അല്ലാഹുവാണെന്ന് വിശദീകരിച്ചുതരുന്നു. ആത്മീയ ഭക്ഷണം ഭൗതിക ഭക്ഷണം കുറച്ചുകൊണ്ട് അധികരിപ്പിക്കുകയും, ആരാധനാകർമങ്ങളിലും, ശുഷ്കാന്തി പുലർത്തുകയും ചെയ്തുകൊണ്ട് ത്യാഗസുരഭിലമായ എണ്ണപ്പെട്ട ദിവസങ്ങൾക്കൊടുവിൽ എത്തിച്ചേരുന്ന മാധുര്യമാവണം ഈദ്. അങ്ങനെയായാൽ അത് നമ്മുടെ നോമ്പുകളെ അർഥവർത്താക്കുന്നതാണ്.

മറ്റ് മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാം അനുശാസിക്കുന്ന വ്രതാനുഷ്ഠാനത്തിൽ അന്നപാനീയങ്ങൾക്കൊപ്പം ഭാര്യാഭർതൃ സംസർഗവും നോമ്പ് വേളയിൽ നിഷിദ്ധമാണ്, അതേസമയം ആരാധനാകർമങ്ങളിൽ കൂടുതൽ ശുഷ്കാന്തിയും വർധനവും നോമ്പുകാരനിൽ നിന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. അങ്ങിനെ എല്ലാ നിലയിലുമുള്ള പരിശീലനമാണ് ഇക്കാലങ്ങളിൽ ഒരു വിശ്വാസി നേടുന്നത്.

വിശുദ്ധ ഖുർആന്റെ ആജ്ഞകളെ ഏറ്റവും കൂടുതൽ പ്രാവർത്തികമാക്കാനും അതിനെ ജീവിതത്തിന്റെ ഭാഗമാക്കാനുമുള്ള തീവ്രപ്രയത്നമാണ് റമദാനിൽ ഒരു വിശ്വാസി ചെയ്യുന്നത്.

റമദാനിൽ സമാഹരിച്ച ആത്മീയ ഊർജ്ജത്തിന്റെ പാരമ്യത്തിലാണ് ദൈവിക സാമിപ്യത്തിന്റെ ദൃഷ്ടാന്തമെന്ന നിലക്ക് ലൈലത്തുൽ ഖദ്ർ സമാഗതമാവുന്നത്. അത് ലഭിക്കുന്നവർ ജീവിതത്തിലുടനീളം അത് കാത്തുസൂക്ഷിക്കുമ്പോൾ അവർക്കാണ്, റമദാൻ അടുത്ത റമദാൻ വരെ തിന്മകൾക്കുള്ള പരിചയാവുന്നത്. അങ്ങിനെ ദൈവിക മടിത്തട്ടിൽ എത്തുന്നവർക്ക് അവകാശപ്പെട്ടതാണ് ഈദുൽ ഫിത്ർ

**Built by Majlis Ansarullah, Bangladesh to mark the 100 years of Ahmadiyya Khilafat. The mosque has one Dome, five minarets and 100 small arches, as symbols of Hadhrat Masih Maud (AS), Five Khulafa and 100 years of Khilafat.**




## യുഗനാദം

ഹദ്റത് അഹ്മദ്(അ)

# റമദാൻ - രണ്ട് താപങ്ങൾ

സൂര്യന്റെ താപത്തിന് റമദാൻ എന്ന് പറയുന്നു. റമദാനിൽ, അന്നപാനീയങ്ങളിലും, ഭൗതിക സുഖങ്ങളിലും മനുഷ്യൻ ക്ഷമകൈക്കൊള്ളുകയാണ്. മറുഭാഗത്ത് ദൈവിക കൽപനകൾക്കുവേണ്ടി ഒരു ചൂടും ആവേശവും സൃഷ്ടിക്കപ്പെടുന്നു. ആത്മീയവും ശാരീരികവുമായ താപവും ആവേശവും ചേർന്നതാണ് റമദാൻ.

ഭാഷാവൈയ്യാകരണന്മാർ പറയുന്നത്, ചൂടുള്ള മാസത്തിലാണ് റമദാൻ തുടങ്ങിയത് അതുകൊണ്ടാണ് റമദാൻ എന്ന് പറയപ്പെടുന്നതെന്നാണ്. എന്റെ വീക്ഷണത്തിൽ ഇത് ശരിയല്ല. കാരണം ഇതിൽ അറബികൾക്ക് പ്രത്യേകതയൊന്നുമില്ല. റമദാന്റെ വിവക്ഷ, ആത്മീയമായ താൽപര്യവും ആവേശവും താപവുമാണ്. കല്ലും മറ്റും ചൂടാവുന്ന താപത്തിനും റമദാൻ എന്ന് പറയപ്പെടുന്നു.

(മൽഫൂസാത്ത് ഭാഗം : 1)

## ദുഃആയുടെ മാസം

റമദാന്റെ മാസം അനുഗൃഹീതമാസവും ദുഃആകളുടെ മാസവുമാണ്.

(അൽഹകം 24/1/1901)

## റമദാന്റെ ലക്ഷ്യം

നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യന് അവന്റെ ശരീരത്തിന്റെ ആത്മീയപോഷണത്തിനും സംതൃപ്തിക്കുമുള്ള റൊട്ടി നേടണമെന്നാണ്. അല്ലാഹുവിനെ മുൻനിർത്തി മാത്രം നോമ്പെടുക്കുന്നവർ കേവലം ഒരു ആചാരമെന്ന നിലക്കല്ല നോമ്പ് നോൽക്കുന്നത്. അവർ ഹാദിലും തസ്ബീഹിലും സഹ്‌ലീമിലും കഴിയണം. അതായത് ദൈവത്തെ സ്മരിക്കുകയും പരിശുദ്ധിയെ പ്രകീർത്തിക്കുകയും അല്ലാഹുവിന്റെ ഔന്നിത്യം പ്രതീക്ഷിക്കുകയും ആത്യന്തികമായി ഇവയാണ് എല്ലാമെല്ലാമെന്ന് മനസിലാക്കുകയും വേണം. അതിലാണ് രണ്ടാമത്തെ ഭക്ഷണം (ആത്മീയ ഭക്ഷണം) ലഭിക്കുക.

(മൽഫൂസാത്ത് ഭാഗം : 5)

## റമദാന്റെ മഹത്വം

**ശഹറു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** (2:186) എന്നതിൽ റമദാൻ മാസത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നു. സൂഫിയാക്കൾ എഴുതിയിട്ടുള്ളത്, ഇത് ഹൃദയത്തെ വിമലീകരിക്കാൻ ഉത്തമമായ മാസമാണെന്നാണ്. അധികമായി ഇതിൽ കശ്ഫുകൾ ഉണ്ടാവുന്നു. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു, നോമ്പ് ഹൃദയത്തെ പ്രകാശമാനമാക്കുന്നു.

(മൽഫൂസാത്ത് ഭാഗം : 2)

## ധിക്കാരികൾ

രോഗിയും യാത്രക്കാരനോ ആയ നിലയിൽ നോമ്പെടുക്കുന്നവൻ ദൈവിക കൽപനയെ വ്യക്തമായും ധിക്കരിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നത്. രോഗിയും, യാത്രക്കാരനും നോമ്പെടുക്കരുതെന്നും രോഗം മാറിയതിനുശേഷം, യാത്രകഴിഞ്ഞശേഷം നോമ്പെടുക്കണമെന്നുമാണ്. ഈ വിധിക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം മോക്ഷം, ദൈവിക കാരുണ്യത്തിൽ അധിഷ്ഠിതമാണ്. ആർക്കും തങ്ങളുടെ കർമ്മങ്ങളെ ശക്തിപ്പെടുത്തി മോക്ഷം കരസ്ഥമാക്കാൻ സാധ്യമല്ല.

(ബദ്ർ 17/10/1907)






# നോമ്പ്കാരന്റെ രണ്ട് സന്തോഷങ്ങൾ

നോമ്പ്കാരന് രണ്ട് സന്തോഷങ്ങളാണ് ലഭിക്കുന്നത്. ഒന്ന് ***ഇദാ അഫ്തറ ഫരിഹ.*** അല്ലാഹുവിന് വേണ്ടി അവന്റെ കൽപനയാലാണ് ആഹാരപാനീയങ്ങൾ ഉപേക്ഷിച്ചത്, ഇപ്പോൾ അവന്റെ അനുമതിയോടെയും അവന്റെ കൽപനയാലും ഭക്ഷിക്കുകയാണ് എന്ന ദൃഢവിശ്വാസത്തോടുകൂടി നോമ്പ് തുറക്കുകയും തിന്നുകയും കുടിക്കുകയും ചെയ്യണം. കാരണം ഇഫ്ത്വാർ എന്നാൽ വെറും ഭക്ഷിക്കുക എന്നല്ല, പ്രത്യുത അല്ലാഹുവിന്റെ കൽപനയാൽ ഭക്ഷിക്കുക എന്നതാണ്. സൂര്യൻ അസ്തമിച്ചുകഴിഞ്ഞാൽ ഭക്ഷണം കഴിക്കുന്നതിൽ താമസം വരുത്തുന്നതിനെ വളരെ ശക്തമായ നിലയിൽ നബിതിരുമേനി (സ) വിരോധിച്ചിരുന്നു. മാത്രമല്ല എത്രകണ്ട് തിരുനബി അതിൽ ധൃതിപ്പെട്ടിരുന്നുവെന്നാൽ, ചില സമയത്ത് അല്ലാഹുവിന്റെ ദൂതരെ ഇപ്പോഴും പ്രകാശമുണ്ടല്ലോ എന്ന് സഹാബാക്കൾ പറയുമ്പോൾ, ഇല്ല സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരിക്കുന്നു നിങ്ങൾ പ്രകാശത്തെ കാര്യമാക്കേണ്ട എനിക്കു നോമ്പുതുറക്കുന്നതിന്നായി ഏർപ്പാടു ചെയ്യുക എന്ന് അവിടുന്ന് പറയുമായിരുന്നു. മനുഷ്യൻ നോമ്പ് എടുത്തതിനു ശേഷം നോമ്പ് തുറക്കുകയും എന്തെങ്കിലും ഭക്ഷിക്കുകയും ചെയ്യുമ്പോൾ, അല്ലാഹു വിരോധിച്ചതിനാൽ താൻ ഭക്ഷണം ഉപേക്ഷിച്ചത് പോലെ തന്നെ അല്ലാഹു അനുമതി നൽകിയതുകൊണ്ടു മാത്രമാണ് താനിപ്പോൾ ഭക്ഷിക്കുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ഭക്ഷിക്കുന്നു ഇതിലേക്കാണ് 'അഫ്തറ' സൂചന നൽകുന്നത്. അല്ലാഹു അനുവദിക്കാത്ത ഒന്നും തന്നെ ഭക്ഷിക്കരുത് എന്ന പാഠം മനുഷ്യന് ലഭിക്കുകയും അവൻ അത് നല്ലവണ്ണം മനസ്സിലാക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്നും ആണ് ഇത് അർത്ഥമാക്കുന്നത്. ഉദാഹരണമായി, നേർച്ചയുടെ ഭക്ഷണത്തെ ഇസ്ലാം നിരോധിക്കുന്നു. കൂടാതെ മറ്റ് പല ഭക്ഷണങ്ങളേയും ഇസ്ലാം വിരോധിച്ചിട്ടുണ്ട്. മാത്രമല്ല നിഷിദ്ധമുതലിനേയും ഇസ്ലാം നിരോധിച്ചിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങളിലേക്ക് ഞാനിപ്പോൾ കടക്കാൻ ആഗ്രഹിക്കുന്നില്ല. ചുരുക്കത്തിൽ മനുഷ്യൻ നോമ്പ് തുറക്കുമ്പോൾ, അവൻ വെറും തിന്നുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത, അല്ലാഹു അവനോട് തിന്നുക എന്ന് പറഞ്ഞതിനാലാണ് തിന്നുന്നത്. അങ്ങിനെ താൻ തിന്നുന്നതും തിന്നാതിരിക്കുന്നതും രണ്ടും അല്ലാഹുവിന് വേണ്ടിയും അവന്റെ അനുമതിയാലും കൽപനയാലും ആണെന്ന യാഥാർത്ഥ്യത്തെ പ്രാപിക്കുന്ന വ്യക്തിക്ക് ഇതിനേക്കാൾ വലിയ മറ്റെന്ത് സന്തോഷമാണ് ലഭിക്കുക. അന്നപാനീയങ്ങളിൽ നിങ്ങൾക്ക് വലിയ ആസ്വാദനം ഉണ്ട് എന്നതല്ല 'ഇദാ അഫ്ത്വറ ഫരിഹ' എന്നതിന്റെ അർത്ഥം. കാരണം ഒരു മുസ്ലിമിന്റെ ആനന്ദം ഭക്ഷണത്തിലല്ല. തിന്നുക എന്ന് അല്ലാഹു കൽപിക്കുന്ന ഭക്ഷണത്തിലാണ് ഒരു മുസ്ലിമിന്റെ ആനന്ദം. ചുരുക്കത്തിൽ നോമ്പു കാരൻ നോമ്പ് തുറക്കുന്ന അവസരത്തിൽ, എന്റെ ദാസാ ഞാൻ പറഞ്ഞപ്പോൾ നീ ഭക്ഷണം ഉപേക്ഷിച്ചു ഇനി നീ കഴിച്ചുകൊള്ളുക എന്ന് ഞാൻ ആജ്ഞാപിക്കുന്നു എന്ന് തന്റെ നാഥൻ തന്നോട് പറഞ്ഞിരിക്കുന്നു എന്നതിൽ അവന് വലിയ സന്തോഷം ഉണ്ടാകുന്നു. അങ്ങിനെ അവൻ തന്റെ നാഥന്റെ ആജ്ഞയനുസരിച്ച് ഭക്ഷിക്കുന്നു. ഈയൊരു യാഥാർത്ഥ്യത്തെ പ്രാപിച്ചതിന്റെ ഫലമായി അവന് വളരെ വലിയ സന്തോഷത്തിന് സാഹചര്യമൊരുങ്ങുന്നു.

അവന് ലഭിക്കുന്ന രണ്ടാമത്തെ സന്തോഷം ***ഇദാ ലഖിയ റബ്ബഹു ഫരിഹ ബിസൗമിഹി*** എന്നതാണ്. തന്റെ നാഥന്റെ കൂടിക്കാഴ്ചയും സാമീപ്യവും അവന് ലഭിക്കുമ്പോൾ, സ്വപ്നങ്ങളിലൂടെയോ അല്ലെങ്കിൽ ആത്മീയ ദർശനങ്ങളിലൂടെയോ അല്ലെങ്കിൽ വെളിപാടിലൂടെയോ അല്ലാഹുവിന്റെ സംഭാഷണം അവന് ലഭ്യമാകുമ്പോൾ അതിനേക്കാളും വലിയ മറ്റെന്തു സന്തോഷമാണ് അവന് ലഭിക്കാനുള്ളത്? ചുരുക്കത്തിൽ, ഒരു യഥാർത്ഥ നോമ്പുകാരന് ഈ ലോകത്തും രണ്ട് സന്തോഷങ്ങൾക്കുള്ള സാഹചര്യങ്ങൾ സംജാതമാകുന്നു.

(ഖുത്വുബാത്തെ നാസിർ, വാള്യം1, പേജ് 980,981)
വിവ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം.

# റമദാനും കുട്ടികളും

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റ)**

## തഹജ്ജുദ്

റമദാനും തഹജ്ജുദും തമ്മിൽ വലിയ ബന്ധമുണ്ട്. തഹജ്ജുദില്ലാത്ത നോമ്പ് അപൂർണ്ണവും, അർത്ഥരഹിതവുമാകുന്നു. റമദാനിൽ കുട്ടികളെ പ്രത്യേകമായി തഹജ്ജുദ് നിർവഹിക്കാൻ താക്കീത് ചെയ്യേണ്ടതാണ്. പതിനൊന്ന് റക്അത്ത് നമസ്കരിച്ചില്ലെങ്കിലും കുറച്ച് നിർവഹിച്ചാൽ മതി. എന്തായാലും നിർവഹിക്കേണ്ടതാണ്. (ഖുത്തുബ 15-4-1988)

## ഖുർആൻ

റമദാനിൽ കുട്ടികളെകൊണ്ട് അധികമധികമായി ഖുർആൻ മന:പാഠമാക്കിക്കേണ്ടതാണ്. ചുരുങ്ങിയ പക്ഷം നമസ്കാരത്തിൽ വ്യത്യസ്ത അധ്യായങ്ങൾ മാറി മാറി ഓതാൻ കഴിയുന്ന രീതിയിൽ മന:പാഠമാക്കിക്കേണ്ടതാണ്. കാരണം വിവിധ തരം സൂറത്തുകൾ മന:പാഠമാക്കുന്നതുകൊണ്ട് ഓർമ്മശക്തി വർദ്ധിക്കുന്നതാണ്. (ഖുത്തുബ 22-4-1988)

## നോമ്പ്

പ്രത്യേകിച്ച് പുതിയ തലമുറക്ക് നോമ്പിന്റെ ശീലം ഉണ്ടാക്കിയെടുക്കേണ്ടതാണ്. കുട്ടികളേയും ഒന്നോ, രണ്ടോ വീതം നോമ്പ് എടുപ്പിച്ചുകൊണ്ട് പരിശീലിപ്പിക്കേണ്ടതാണ്. (ഖുത്തുബ 22-4-1988)

## അനുകമ്പ

റമദാൻ കൂടികാഴ്ച നടത്താനും, അനുകമ്പ കാണിക്കാനുമുള്ള മാസമാകുന്നു. കുട്ടികളുടെ ഹൃദയത്തിൽ ദരിദ്രരോട് അനുകമ്പപരമായ വികാരം ഉണ്ടാക്കിയെടുക്കുകയും, ദാനധർമ്മങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുകയും ചെയ്യുക. (ഖുത്തുബ 22-4-1988)

## നല്ല ശീലങ്ങൾ

റമദാനിൽ വെറും നോമ്പനുഷ്ഠിക്കുകയെന്നതു മാത്രമല്ല. മറിച്ച് അത് നല്ല ശീലങ്ങൾ സ്വയത്തമാക്കാനും, ചീത്ത ശീലങ്ങളെ ഇല്ലായ്മ ചെയ്യാനും വേണ്ടി പരിശീലനം നൽകാൻ പറ്റിയ മാസമാകുന്നു. കുട്ടികളുടെ ഈ പ്രായത്തെ ഫലവത്താക്കേണ്ടതാണ്. കാരണം നല്ല ശീലങ്ങളുടെ അടിത്തറയും ചെറുപ്പത്തിൽ തന്നെയാണ് ഉണ്ടാകുന്നത്. (ഖുത്തുബ 22-4-1988)

## ദാനധർമം

അല്ലാഹുവിന്റെ പാതയിൽ എന്തെങ്കിലും ചെലവു ചെയ്യുന്ന ശീലം ഈ റമദാൻ മാസത്തിൽ കുട്ടികൾക്ക് ഉണ്ടാക്കിയെടുക്കേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ ഭാഗത്ത് നിന്ന് നല്കാതെ കുട്ടികൾക്ക് കൊടുത്തുകൊണ്ട് അവരോട് ദരിദ്രർക്ക് വേണ്ടി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവു ചെയ്യാൻ പറയണം. (ഖുത്തുബ 13-5-1988)

സമ്പാ: മുഹമ്മദ് എം.എൻ ഖാൻ വാഴക്കാല

# റമദാൻ - ഓർക്കേണ്ട കാര്യങ്ങൾ

## നോമ്പ് നിർബന്ധം

റമദാൻ മാസത്തിലെ നോമ്പ് പ്രായപൂർത്തിയായ ഓരോ വിശ്വാസി സ്ത്രീപുരുഷനും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ശരീഅത്ത് അനുവദിക്കുന്ന ഏതെങ്കിലും കാരണം കൂടാതെ ഒരു ദിവസത്തെ നോമ്പ് പോലും ഉപേക്ഷിക്കുക എന്നത് വൻപാപമാണ്. ജീവിതകാലം മുഴുവനും നോമ്പനുഷ്ഠിച്ചാലും അതിന്റെ പ്രായശ്ചിത്തമാവുകയില്ല. (ഖേദപ്രകടനവും) പശ്ചാത്താപവും ഇസ്തിഗ്ഫാറും ചെയ്യുന്നത് വരെ.

## യാത്രക്കാരും രോഗികളും

യാത്രക്കാർക്കും രോഗികൾക്കും ഇളവ് നൽകപ്പെട്ടിരിക്കുന്നു. അവർ മറ്റ് ദിനങ്ങളിൽ നോമ്പ് പൂർത്തിയാക്കേണ്ടതാണ്. നിത്യരോഗിയോ, പടു വൃദ്ധനോ, അവശരോ ആയിട്ടുള്ളവർക്ക് നോമ്പ് നിർബന്ധമല്ല. അങ്ങിനെയുള്ളവർ ഫിദ്‌യയായിട്ട് ദിവസേന ഒരു ദരിദ്രന് ഭക്ഷണം നൽകേണ്ടതാണ്.

ഗർഭിണികളോ, മുലയൂട്ടുന്നവരോ ആയിട്ടുള്ള സ്ത്രീകൾക്ക് നോമ്പ് നിർബന്ധമല്ല. അങ്ങിനെയുള്ളവർ ഫിദിയയായിട്ട് ദിവസേന ഒരു ദരിദ്രന് ഭക്ഷണം നൽകേണ്ടതാണ്.

രോഗത്തിന്റെയും യാത്രയുടെയും പരിധി ശരീഅത്ത് നിർണ്ണയിച്ചിട്ടില്ല. അത് ഓരോ വ്യക്തിയുടെയും അവസ്ഥക്ക് അനുസൃതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചര്യയിൽ നിന്ന് മനസ്സിലാകുന്നത് യാത്രയുടെ പരിധി 11 മൈൽ ആണെന്നാണ്. രോഗത്തിന്റെ അവസ്ഥ എന്നാൽ മുഴുവൻ ശരീരത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോഴുണ്ടാകുന്ന വേദന കാരണം മുഴുവൻ ശരീരത്തിനും അസ്വസ്ഥതയുണ്ടാവുക എന്നതാണ്. ഉദാഹരണത്തിന് പനി, കണ്ണ് വേദന.

യാത്രാവേളയിലോ അല്ലെങ്കിൽ രോഗാവസ്ഥയിലോ നോമ്പെടുക്കുന്നവർ അല്ലാഹുവിന്റെ കൽപ്പനയെ നിരാകരിക്കുന്നവരാണ്.

ആരോഗ്യാവസ്ഥയിലുള്ള ഒരു വ്യക്തി, നോമ്പെടുത്താൽ താൻ രോഗിയാവും എന്ന് ഭയപ്പെടുകയാണെങ്കിൽ അത് അയാളുടെ നഫ്സിന്റെ വഞ്ചനമാത്രമാണ്. ഇത് ഒരിക്കലും തന്നെ, ശരീഅത്ത് അനുവദിക്കുന്ന കാരണമല്ല. അഥവാ ഡോക്ടർ ആരോടെങ്കിലും നോമ്പെടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ നിർദേശിക്കുകയാണെങ്കിൽ അയാൾ രോഗികൾക്കുള്ള കൽപ്പനയിൽ ഉൾപ്പെടുന്നതാണ്.

ഖാദിയാനും റബ്‌വയും അഹ്മദികളെ സംബന്ധിച്ചിടത്തോളം (ജമാഅത്തിന്റെ കേന്ദ്രങ്ങളാണ്) എന്നാൽ അവിടേക്കുള്ള യാത്രയും യാത്ര തന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഫ്താരിക്ക് (നോമ്പ് തുറക്കാൻ സമയമാകുന്നതിന്) മുമ്പ് ഖാദിയാനിൽ വരുന്നവരുടെ നോമ്പ് മുറിപ്പിക്കുമായിരുന്നു. ഈ ചര്യയിൽ നിന്ന് മനസ്സിലാകുന്നത് നോമ്പെടുത്തിട്ട് യാത്ര ചെയ്യേണ്ടിവന്നാൽ നോമ്പ് മുറിക്കേണ്ടതാണെന്നാകുന്നു. കേന്ദ്രത്തിലെത്തിയതിന് ശേഷം അടുത്ത ദിവസം മുതൽ ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ നോമ്പെടുക്കാവുന്നതാണ്.

## പ്രായശ്ചിത്തം

മറന്നുകൊണ്ട് വല്ലതും തിന്നുകയോ, കുടിക്കുകയോ ചെയ്താൽ നോമ്പ് മുറിയുന്നതല്ല. എന്നാൽ ശരീഅത്ത് അനുവദിക്കുന്ന കാരണങ്ങൾ കൂടാതെ ഉദാഹരണത്തിന് രോഗിയോ യാത്രക്കാരനോ അല്ലാത്ത അവസ്ഥയിൽ വല്ലവരും ബോധപൂർവം നോമ്പ് മുറിച്ചാൽ അതിനുള്ള പ്രായശ്ചിത്തമായി അറുപത് ദിവസം തുടർച്ചയായി നോമ്പെടുക്കേണ്ടതാണ്. അതിനു കഴിവില്ലാത്തവരാണെങ്കിൽ അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകേണ്ടതാണ്.

## സമയം, ഇടയത്താഴം

നോമ്പിന്റെ സമയം പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെയാകുന്നു.

റമദാൻ ആരംഭിക്കുന്നത് ചന്ദ്രപിറവി ദർശനത്തോടെയാണ്. വ്യക്തമായ അറിവ് ലഭിക്കാത്തപക്ഷം ശഅ്ബാൻ 30 പൂർത്തിയാക്കിയതിന് ശേഷം നോമ്പ് തുടങ്ങേണ്ടതാണ്. ചന്ദ്രപിറവി ദർശിച്ചതായിട്ടുള്ള സംശയാതീതമായ വിവരം മറ്റ് സ്ഥലങ്ങളിൽ നിന്ന് ലഭിക്കുകയാണെങ്കിൽ അതിനനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. അതുപോലെ തന്നെ (ശവ്വാലിന്റെ) ചന്ദ്രപിറവി ദർശിക്കുമ്പോഴാണ് നോമ്പ് അവസാനിക്കുന്നത്. മേഘം കാരണം ശരിയായ വിവരം ലഭിക്കാത്തപക്ഷം റമദാൻ 30 പൂർത്തിയാക്കേണ്ടതാണ്. മറ്റ് സ്ഥലങ്ങളിൽ നിന്ന് സംശയ രഹിതമായ അറിവ് ലഭിച്ചാലൊഴികെ.

ആർക്കെങ്കിലും ഇടയത്താഴം കഴിക്കാൻ അവസരം ലഭിക്കാതിരുന്നാൽ അക്കാരണം കൊണ്ട് നോമ്പ് ഉപേക്ഷിക്കാവതല്ല. ഇടയത്താഴം കഴിക്കണം എന്ന നിബന്ധന നോമ്പിനില്ല.

## സ്ഥിരം യാത്രക്കാർ,ജോലിക്കാർ

ഒരാളുടെ യാത്ര, ജോലിയിൽ ഉൾപ്പെട്ടതോ അല്ലെങ്കിൽ നിത്യവരുമാനത്തിനുള്ളതോ ആണെങ്കിൽ ഉദാ:- റെയിൽവേ ജോലിക്കാർ, ഡ്രൈവർമാർ, യാത്ര ചെയ്ത് കച്ചവടം ചെയ്യുന്നവർ. ഇവരെല്ലാം തന്നെ നോമ്പെടുക്കേണ്ടതാണ്. അവരുടെത് യാത്രയല്ല. പൊതുവെയുള്ള അവസ്ഥയാണ്. കൂലിപ്പണിക്കാർക്കോ, കർഷകർക്കോ റമദാൻ മാസത്തിൽ വളരെയധികം ബുദ്ധിമുട്ടുള്ള ജോലി ചെയ്യേണ്ടിവരികയാണെങ്കിൽ, ജോലി ചെയ്യാതിരിക്കുന്ന പക്ഷം ആറുമാസത്തെ വിളവ് നഷ്ടപ്പെടുകയോ, ഇനി അഥവാ ചെയ്യുകയാണെങ്കിൽ നോമ്പെടുക്കാൻ കഴിയാത്ത അവസ്ഥയോ ആണെങ്കിൽ, അങ്ങിനെയുള്ളവർ നിർബന്ധിതരുടെ കൽപ്പനയിൽ വരുന്നതാണ്. കൂലിപ്പണിക്കാർ റമദാൻ മാസത്തിൽ വിശ്രമിക്കാൻ (ഒഴിവ് എടുക്കാൻ) പറ്റത്തക്കരീതിയിൽ ബാക്കി പതിനൊന്ന് മാസം അദ്ധ്വാനിക്കേണ്ടതാണ്.

ഇങ്ങിനെയുള്ള കർഷകരെയും കഠിനമായ കൂലിപണി എടുത്ത് നിത്യജീവിതം കഴിച്ച് കൂട്ടുന്നവരേയും നോമ്പെടുക്കാൻ കഴിയാത്തവരേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാണ്. ഇവർ തങ്ങളുടെ അവസ്ഥ മറച്ചുവെക്കുന്നു. ഓരോ വ്യക്തിയും തഖ് വയോടും, പരിശുദ്ധിയോടും കൂടി തങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ആർക്കെങ്കിലും തനിക്ക് പകരമായി ജോലിക്കാരെ നിയമിക്കാൻ കഴിയുമെങ്കിൽ അങ്ങിനെ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം രോഗികൾക്കുള്ള കൽപ്പനയിൽ ഉൾപ്പെടുന്നതാണ്. പിന്നീട് സാദ്ധ്യമാകുമ്പോൾ നോമ്പെടുത്ത് വീട്ടേണ്ടതുമാണ്.

## കുട്ടികൾ

കുട്ടികളെ നോമ്പ് എടുക്കാൻ അനുവദിക്കരുത്. എന്തുകൊണ്ടെന്നാൽ അത് അവരുടെ ശാരീരികവും ബൗദ്ധികവുമായ വികാസത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കുട്ടികൾ കുറച്ച് വലുതായി കഴിഞ്ഞാൽ പ്രായപൂർത്തിയാകുന്നതിന് മുമ്പേതന്നെ നല്ല കാലാവസ്ഥയിൽ ഒന്ന് രണ്ട് നോമ്പെടുക്കുന്നതിൽ തെറ്റൊന്നുമില്ല.

## നഫൽ നോമ്പുകൾ

നോമ്പുകളിൽ രണ്ടാമത്തെ വിഭാഗം നഫൽ നോമ്പുകൾ എന്നാണ് അറിയപ്പെടുന്നത്. ഉദാഹരണത്തിന് ശവ്വാൽ മാസത്തിന്റെ ആദ്യത്തിലെ ആറ് നോമ്പുകൾ, എല്ലാ ചന്ദ്രമാസത്തിലെയും 13, 14, 15 എന്നീ ദിനങ്ങൾ, തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങൾ, അറഫാദിനം (ദുൽഹജ്ജ് 9) അതുപോലെ തന്നെ ആശൂറാ ദിനത്തിലും നോമ്പെടുക്കുന്നത് സുന്നത്താണ്.

## തറാവീഹ്

റമദാൻ മാസത്തിൽ ഇശാഅ് നമസ്കാരത്തിനു ശേഷം തറാവീഹ് നമസ്കാരം അനുഷ്ഠിക്കപ്പെടുന്നു. ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിക്കപ്പെട്ടു. റമദാൻ മാസത്തിൽ എട്ട് റക്അത്ത് തറാവീഹ് നമസ്കാരം ജമാഅത്തായി പള്ളിയിൽ അനുഷ്ഠിക്കണോ അതോ രാത്രിയുടെ അന്ത്യയാമങ്ങളിൽ എഴുന്നേറ്റ് തനിച്ച് വീട്ടിൽ നമസ്കരിക്കുകയാണോ ചെയ്യേണ്ടത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

തറാവീഹ് നമസ്കാരം പ്രത്യേകമായൊരു നമസ്കാരമൊന്നുമല്ല. യഥാർത്ഥത്തിൽ തഹ്ജുദ് നമസ്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യ യാമങ്ങളിൽ അനുഷ്ഠിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദ്യത്തിൽ പറഞ്ഞതുപോലെ രണ്ട് രീതിയിലും അനുവദനീയമാണ്. ഹദ്റത്ത് റസൂൽ(സ) രണ്ട് രീതിയിലും അനുഷ്ഠിച്ചിട്ടുണ്ട്.

## അനുവദനീയം

മിസ്‌വാക്ക് ചെയ്യുക, നനഞ്ഞ വസ്ത്രം ധരിക്കുക, ശരീരത്തിൽ എണ്ണ തേക്കുക, സുഗന്ധം ശ്വസിക്കുക അല്ലെങ്കിൽ പൂശുക, ഉമിനീര് ഇറക്കുക എന്നിവ നോമ്പ് വേളയിലും അനുവദനീയമാണ്.

സമ്പാ: സി.മുബശ്ശിർ അഹ്മദ് - കൊച്ചി

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**
സമ്പാ: സുൽത്താൻ നസീർ

## ദുഃആയുടെ സമയങ്ങൾ

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

എന്റെ പ്രിയപ്പെട്ട സഹോദരൻ നവാബ് സാഹിബ് സല്ലമഹു

السلام علیکم ورحمۃ اللہ وبرکاتہ

ഞാൻ ദുആയിൽ മുഴുകിയും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ടും ഇരിക്കുന്ന അവസരത്തിലാണ് എനിക്ക് താങ്കളുടെ കത്ത് ലഭിച്ചത്. അവസ്ഥകളെ കുറിച്ച് അന്വേഷിച്ച് മനസിലാക്കിയതിന് ശേഷം ഈ അവസ്ഥയിൽ ഖാദിയാനിൽ കൊണ്ടുവരുന്നത് ഉചിതമല്ല എന്നതുതന്നെയാണ് എന്റെയും അഭിപ്രായം, ഇൻശാഅ് അല്ലാഹ് വളരെ പെട്ടെന്ന് തന്നെ സുഖത്തോടെ യാത്ര ചെയ്യാൻ സാധിക്കുന്ന വിധത്തിലായിതീരുന്ന ദിവസം വന്നുചേരുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഡോക്ടർമാരുടെ അഭിപ്രായത്തിൽ എന്റെ പ്രിയപ്പെട്ട അബ്ദുർ റഹ്മാൻ, ട്രെയിനിൽ യാത്രചെയ്യാൻ അനുയോജ്യനായിതീരുമ്പോൾ, ബട്ടാലയിൽ എത്തിയാൽ പല്ലക്കിന് സംവിധാനം ഒരുക്കേണ്ടത് നിർബന്ധമാണ്. കുതിരവണ്ടിയും വഴിയും ക്ഷീണിതാവസ്ഥയിൽ ഒരിക്കലും തന്നെ യാത്രയ്ക്ക് അനുയോജ്യമല്ല. ഞാൻ അല്ലാഹുവിന്റെ തൗഫീഖിനാലും അനുഗ്രഹത്താലും വളരെ ശ്രദ്ധയോട് കൂടി ദുഃആ ചെയ്ത് കൊണ്ടിരിക്കുന്നതായിരിക്കും.

രണ്ട് പ്രത്യേക സമയങ്ങളുണ്ട്, ഒന്ന് തഹജ്ജുദിന്റെ സമയവും രണ്ട് ഇശ്റാഖിന്റെ സമയവും. ഇൻശാഅ് അല്ലാഹ് ഇത് കൂടാതെ അഞ്ചുനേര നമസ്കാരങ്ങളിലും ദുആ ചെയ്യുന്നതായിരിക്കും. ആയതിനാൽ താങ്കൾ കഴിയും വിധം പുതിയ വിവരങ്ങൾ എല്ലാ ദിവസവും എന്നെ അറിയിച്ച് കൊണ്ടിരിക്കുക. ബാഹ്യമായ വസ്തുക്കളെ അവലംബിക്കേണ്ടതും അനിവാര്യമാണ്. എന്നാൽ യാഥാർഥ്യം ഇതാണ്. എപ്പോഴാണോ അല്ലാഹു ഇച്ഛിക്കുന്നത് അപ്പോൾ മാത്രമേ വസ്തുക്കൾ ശരിയായിത്തീരുകയും ചികിത്സകന് ശരിയായ മാർഗം ലഭിക്കുകയും ചെയ്യുകയുള്ളു. മനുഷ്യന്റെ ഇംഗിതത്തിനനുസരിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ മാറ്റിയെടുക്കാൻ മനുഷ്യന് ദുആ അല്ലാതെ മറ്റൊരു മാർഗ്ഗവും തന്നെയില്ല. ദുആ മാത്രമേയുള്ളു. അഥവാ അത് പരിപൂർണ്ണതയിലെത്തിയാൽ അങ്ങനെ മനുഷ്യൻ മൃതാവസ്ഥയിൽ നിന്ന് ജീവനുള്ളവനായി തീരുന്നു. ദുആ പരിപൂർണതയിൽ എത്തുകയെന്നത് അല്ലാഹുവിന്റെ പരിധിയിൽ പെട്ട കാര്യമാണ്. അത് വളരെ ഉന്നതമായ ഒരു കാര്യമാണ്......................................... ദൈവാഭിഷ്ടത്തിന്റെ ഒരു നിയമം, സ്വീകൃതരായ ആളുകളുടെ ചില ദുആകൾ പോലും സ്വീകരിക്കപ്പെടാറില്ല എന്നതാണ്. ദുആ ഉന്നതശ്രേണിയിൽ എത്തിചേർന്നാൽ - അവിടെ എത്തിക്കുകയെന്നത് അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യമാണ് - അത്തരം ദുആകൾ തീർച്ചയായും സ്വീകരിക്കപ്പെടുന്നതാണ്.....

വിനീതൻ
മിർസാ ഗുലാം അഹ്മദ് അഫീ അൻഹു



**വിജ്ഞാനവേദി**

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

## അമുസ്ലിമിനോട് അസ്സലാമു അലയ്ക്കും പറയുന്നത് അനുവദനീയമാണോ?

**ഹ. ഇമാം മാലിക് (റഹ്) അമുസ്ലിമിന് സലാം പറയുന്നത് ബാബുസ്സലാമിൽ വിലക്കുകയും, പ്രായശ്ചിത്തം കൊടുക്കാനും നിർദേശിച്ചിട്ടുണ്ട്.**

– വിശുദ്ധ ഖുർആനിൽ നിന്നോ, ഹദീസിൽ നിന്നോ ഇക്കാര്യം സ്ഥാപിക്കപ്പെട്ടിട്ടില്ല. ഒരു ഹദീസിൽ കാണുന്നത്, ഒരു ദുർഭഗനായ യഹൂദി നബി(സ)നോട് അസ്സാമു അലയ്ക്കും എന്ന് പറഞ്ഞു. നബി(സ) മറുപടിയായി **വ അലയ്ക്കും** എന്ന് മാത്രം പറഞ്ഞു. അപ്പോൾ ഹ. ആഇശ(റ), അയാൾ അസ്സാമു അലയ്ക്കും എന്നാണ് പറഞ്ഞതെന്ന് ഓർമപ്പെടുത്തുകയുണ്ടായി. അവരോട് നബി(സ) പറഞ്ഞത് ഞാൻ അലയ്ക്കും എന്ന് മാത്രമേ പറഞ്ഞിട്ടുള്ളു എന്നാണ്. അയാൾ യഹൂദിയാണ് അയാൾക്കെന്തിന് മറുപടി പറയണം എന്ന പ്രശ്നം തന്നെ അവിടെ ഉയർന്നില്ല. ഈ ഹദീസിൽ നിന്ന് മനസിലാവുന്നത്; അയാൾ അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞിരുന്നെങ്കിൽ തിരുനബി(സ) വ അലയ്ക്കുമുസ്സലാം എന്ന് തന്നെ പറയുമായിരുന്നുവെന്നാണ്.

മറ്റൊരുകാര്യം കൂടിയുണ്ട്. ഒരു മുസ്ലിമിനോട് കൽപ്പിച്ചിട്ടുള്ളത്, ആരെങ്കിലും എന്തെങ്കിലും ഉപഹാരം നൽകിയാൽ കുറേ കൂടി നല്ല രീതിയിൽ അതിന് പകരം നൽകാനാണ്. ലോകത്തിന് മുഴുവനുമായിട്ടുള്ള മതത്തിന്റെ പേരാണ് ഇസ്ലാം. അതുകൊണ്ട് തന്നെ **അസ്സലാമു അലയ്ക്കും** എന്ന അതിന്റെ സന്ദേശവും ഓരോ മനുഷ്യനുമുള്ളതാണ്.

ഇസ്ലാമിന്റെ സന്ദേശമെത്തിക്കുക എന്നതിന്റെ വിവക്ഷതന്നെ സമാധാനസന്ദേശം എന്നതാണ്. അതിന്റെ ഒരു അർഥം സമാധാനം നൽകുക എന്നതുമാണ്. വിശുദ്ധ ഖുർആൻ പറയുന്നത് ജാഹിലിംകളോടുപോലും സലാം പറയണമെന്നാണ്. **(വഇദാ ഖാത്തബഹുമുൽ ജാഹിലൂന ഖാലൂ സലാമാ).**

സാധാരണ വ്യക്തികൾക്ക് മാത്രമല്ല, നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നവരാണെങ്കിലും നിങ്ങളുടെ മതത്തിനെതിരെ സംസാരിക്കുന്നവരാണെങ്കിലും അവർക്ക് പോലും സലാം പറയണം. അതിന്റെ അർഥം അയാൾക്ക്മേൽ സമാധാനം നേരുന്നു എന്നാണ്.

ഹ. ഇമാം മാലിക് (റഹ്) ന്റേത് അദ്ദേഹത്തിന്റെ വ്യക്തിപരമായ ഫത്വയായിരിക്കും. കാരണം വി.ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും അത് സ്ഥാപിതമല്ല. ഹദീസിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നത്.

**അസ്സലാമു അലാ മൻ അറഫ്ത വമൻ ലാ തഅ്രിഫ്** (നിനക്ക് പരിചയമുള്ളവരോടും ഇല്ലാത്തവരോടും സലാം പറയണം) എന്നാണ്.

ഇത് വലിയൊരു പാപമായിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന ആജ്ഞ, നിനക്ക് പരിചയമുള്ളവർക്ക് മാത്രം സലാം പറയണമെന്നും പരിചയമില്ലാത്തവർ മുസ്ലിമോ അമുസ്ലിമോ എന്ന് തിരിച്ചറിഞ്ഞശേഷം മാത്രമേ സലാം പറയാവൂ എന്നുമായിരിക്കേണ്ടതാണ്. (അന്നസ്ർ ലണ്ടൻ 6/2/1987)

സമ്പാ : അബൂസ്വബാഹ്.

**നുറുങ്ങുകൾ**
എസ്.ഡി

## ഹ.മുആവിയ(റ)

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**

ഒരിക്കൽ ഞാൻ ചില അഹ്മദീ യുവാക്കളോടൊപ്പം ട്രെയിനിൽ ലാഹോറിലേക്ക് പോവുകയായിരുന്നു. അവിടെ ചോദ്യോത്തര വേദിയായി. ഒരാൾ ചോദിച്ചു; നമ്മൾ ഹ. അലിയെക്കുറിച്ച് പറയുമ്പോൾ റളിയല്ലാഹു അൻഹു എന്ന് ദുആ ചെയ്യാറുണ്ട്. ഹദ്റത് മുആവിയക്ക് വേണ്ടിയും അങ്ങിനെ തന്നെ ചെയ്യുന്നു. പക്ഷേ അദ്ദേഹം ഹ. അലി(റ)ന്റെ ഖിലാഫത്തിനെ നിഷേധിക്കുകയും എതിർക്കുകയും ചെയ്ത ആളല്ലേ! ഞാൻ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ ഹ.മുആവിയ(റ)നെ കണ്ടിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: ഇല്ല, ഞാൻ പറഞ്ഞു: എനിക്കും കാണാൻ അവസരം കിട്ടിയിട്ടില്ല. പക്ഷേ സയ്യിദുശുഹദാഅ് ഹദ്റത് ഇമാം ഹുസൈൻ (അ)ന്റെ സഹോദരനായ ഹ. ഇമാം ഹസൻ (അ) അദ്ദേഹത്തെ വളരെ അടുത്ത് കണ്ടിട്ടുണ്ട് പരിചയവുമുണ്ട്. അദ്ദേഹത്തിന് വേണ്ടി ഖിലാഫത്ത് പദവി ഒഴിയുകയും റളിയല്ലാഹു അൻഹു എന്ന് ദുആ ചെയ്യുകയുമുണ്ടായിട്ടുണ്ട്. സംഗതി ഇങ്ങനെയെല്ലാമായിരിക്കെ എനിക്കും നിങ്ങൾക്കും എന്ത് ചെയ്യാൻ കഴിയും.

**(അവ: ദിൽ ചസ്പ് ഇൽമീ വാഖിആത്ത് വ മുശാഹിദാത്ത്)**

പ്രത്യേക അഭിമുഖം 8.2.2008

സമ്പാ: അബൂഅത്തിയ

# ഖുദ്ദാമിലെ പരിചയസമ്പത്തും ആർമിയിലേക്കുള്ള തയ്യാറെടുപ്പും

**പ്രതിനിധി : പാക്കിസ്ഥാനിൽ ഖുദ്ദാമുൽ അഹ്മദിയ്യായിലും അങ്ങേക്ക് Roll ഉണ്ടായിരുന്നു. അങ്ങ് അവിടെ എന്തെല്ലാം സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്? ഏത് കാര്യമാണ് അങ്ങേക്ക് Enjoyable ആയിരുന്നത്?**

ഹുസൂർ : എനിക്ക് ഖുദ്ദാമുൽ അഹ്മദിയ്യായിലും പ്രവർത്തിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. മാത്രമല്ല, അത്ഫാലുൽ അഹ്മദിയ്യായിലും വളരെ ചെറു



പ്രായത്തിൽ 7 വയസുമുതൽ (അപ്പോഴാണ് അത്ഫാലിന്റെ പ്രായം ആകുന്നത്). ആദ്യം ഞാൻ ഒരു സാധാരണ തിഫിൽ ആയിരുന്നു. പിന്നെ 9/10 വയസുള്ളപ്പോൾ എന്നെ സാഇഖ് ആക്കി. സാഇഖ് ഗ്രൂപ്പ് ലീഡറാണ്. അതിനുശേഷം എന്നെ മുൻതസി അത്ഫാലിന്റെ (പ്രവർത്തകസമിതിയിൽ) സെക്രട്ടറിയാക്കി. തുടർന്ന് മുൻതസിം അത്ഫാൽ ആയി. പിന്നെ സഈംആയി. തുടർന്ന് റബ്വയിൽ പ്രാദേശിക ഖാഇദിന്റെ പ്രവർത്തക സമിതിയിൽ നാസിം ഉമൂമിയായി നിയമിക്കപ്പെട്ടു. ഞാൻ ഫൈസലാബാദിൽ (അഗ്രികൾച്ചർ യൂണിവേഴ്സിറ്റി)പോയപ്പോൾ യൂണിവേഴ്സിറ്റി ഏരിയയിൽ സഈം ആയി തിരഞ്ഞെടുക്കപ്പെട്ടു.

ഞാൻ ഓർക്കുന്നു; ഫൈസലാബാദ് ടൗണിൽ 40 ഏരിയകൾ (ഹൽഖ) ഉണ്ടായിരുന്നു. അതിൽ യൂണിവേഴ്സിറ്റി ഹൽഖ 40-ാം സ്ഥാനത്തായിരുന്നു. അതായത് ഏറ്റവും താഴെയായിരുന്നു സ്ഥാനം. സഈംസ്ഥാനം ഏറ്റെടുത്തതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആദ്യത്തെ മൂന്ന് മാസങ്ങൾക്കുള്ളിൽതന്നെ മൂന്നാംസ്ഥാനത്തേക്ക് എത്തി. അതിന് കാരണം, എനിക്ക് ചെറുപ്രായത്തിൽതന്നെ (മജ്‌ലിസിന്റെ പ്രവർത്തനങ്ങളിൽ) കിട്ടിയിരുന്ന അനുഭവമായിരുന്നു. ഞാൻ ഫൈസലാബാദിൽ നിന്ന് റബ്വയിൽ തിരിച്ചെത്തിയപ്പോൾ എന്നെ മുഹ്തമീം സിഹത്തെ ജിസ്മാനി ആയി നിയമിച്ചു. അക്കാലത്ത് പാക്കിസ്ഥാനിലെ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ, ലോകത്തിന്റെ മുഴുവനും ഖുദ്ദാം സദ്ർ ആയിരുന്നു.

പിന്നെ ഞാൻ വാഖിഫെ സിന്ദഗി ആയി ഘാനയിലേക്ക് പോയി. 1985ൽ ഘാനയിൽ നിന്ന് തിരിച്ചെത്തിയപ്പോൾ, അന്ന് മഹ്മൂദ് ബംഗാളി സാഹിബായിരുന്നു സദ്ർ. അദ്ദേഹം എന്നെ മുഹ്തമിം തജ്നീദ് ആയിനിയമിച്ചു. ഏതാനും മാസങ്ങൾക്ക് ശേഷം വീണ്ടും മുഹ്തമിം സിഹത്തെ ജിസ്മാനി ആയി. തുടർന്ന് മുഹ്തമിം ബേറൂൺ ആയി നിയമിക്കപ്പെട്ടു. ഒരു പക്ഷേ ഈ സ്ഥാനത്തേക്ക് ആദ്യമായി നിയമിക്കപ്പെട്ടത് ഞാനായിരുന്നു. മുഹ്തമിം ബേറൂൺ എന്ന നിലക്ക് ഞാൻ യു.കെ മജ്‌ലിസ് ആണ് ആദ്യം സന്ദർശിച്ചത്.

**പ്രതിനിധി : ഇത് ഏത് വർഷമായിരുന്നു?**

ഹുസൂർ : 1988-ലെ സംഭവമാണ്. ആ സമയത്ത് സ്വഫീസാഹിബ് ആയിരുന്നു ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ. ഇവിടെ മഹ്മൂദ് ഹാളിൽ ഖുദ്ദാമുൽ അഹ്മദിയുടെ മീറ്റിംഗ് നടത്തി. കൂടാതെ, ഹുസൂറിന്റെ പ്രതിനിധി എന്ന നിലയിൽ ജർമനിയിൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാഇൽ ഉദ്ഘാടനത്തിന് നിയോഗിക്കപ്പെട്ട ആദ്യത്തെ മുഹ്തമിം ബേറൂൺ ഞാൻ തന്നെയായിരുന്നു. ഇതും 1988 -ൽ തന്നെയാണ്.

പിന്നെ,ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഈ സംവിധാനം മാറ്റുകയും (പാക്കിസ്ഥാന് പുറത്തുള്ള മജ്‌ലിസുകളെ) റബ്വക്ക് പകരം ഓരോ രാജ്യത്തേയും സ്വതന്ത്രമായി തന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആക്കുകയും ചെയ്തു.

**പ്രതിനിധി : ഈ ആദ്യകാല സേവനങ്ങളുടെ പരിചയ സമ്പത്ത്, അങ്ങയുടെ പിന്നീടുള്ള ജമാഅത്തീ ഉത്തരവാദിത്വങ്ങളിൽ എങ്ങിനെയാണ് പ്രയോജനപ്പെട്ടത്?**

ഹുസൂർ : അതാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്. നിങ്ങൾ ചെറുപ്രായത്തിൽ തന്നെ ജമാഅത്തി പ്രവർത്തനങ്ങളിൽ ശിക്ഷണം നേടിയാൽ, എങ്ങിനെയാണ് അനുസരിക്കേണ്ടതെന്നും മറ്റുള്ളവരെ അനുസരിപ്പിക്കേണ്ടതെന്നും പഠിക്കുന്നതാണ്. എനിക്കോർമയുണ്ട്. 1971-ൽ ഞാൻ ഗ്രാജ്വേഷൻ ചെയ്തതിനുശേഷം പാക്കിസ്ഥാൻ ആർമിയിൽ ചേരാൻ അപേക്ഷ കൊടുത്തിരുന്നു. അപ്പോഴും ജീവിതം വഖ്ഫ് ചെയ്യാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്റെ മാർക്കും ഗ്രേഡും വളരെ നല്ലതല്ലാത്തതിനാൽ, ഞാൻ ചിന്തിച്ചത്, മറ്റൊരു പണിയും ചെയ്യാൻ കഴിയാത്തതിനാൽ വഖ്ഫ് ചെയ്തെന്ന് ജനങ്ങൾ പറയുമെന്നായിരുന്നു. അതുകൊണ്ട് തന്നെ പാക്കിസ്ഥാൻ ആർമിയിൽ ചേരാൻ തീരുമാനിച്ചു. അവസാന ടെസ്റ്റ്, കോഹാട്ടിൽ ആയിരുന്നു അതിൽ ഞാൻ Reject ചെയ്യപ്പെടുകയാണുണ്ടായത്. അവിടെ (ആർമിയിൽ ചേരാൻ). ഒരുപാട് ടെസ്റ്റുകളുണ്ട്. Preliminary Test, Medical Test, എഴുത്ത് പരീക്ഷ ഏറ്റവും അവസാനം ISSB (Interservices Selection Board) ന്റെ Exam.

ഈ ആവശ്യത്തിന് കോഹാട്ടിൽ 4-5 ദിവസം തങ്ങേണ്ടിവന്നു. അവിടെ വളരെ കാര്യക്ഷമമായി ഓരോരുത്തരേയും വിലയിരുത്തുന്നതാണ്. IQ ചെക്ക് ചെയ്യും, വിവിധരീതിയിലുള്ള Tasks ഉണ്ട്. ഞാൻ ഇതിലെല്ലാം വളരെ നല്ല നിലയിൽ വിജയിച്ചു. അങ്ങനെ അവസാനം Practical Task തന്നപ്പോൾ എനിക്കോർമയുണ്ട്, മേജർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു ഞങ്ങളുടെ ഗ്രൂപ്പിൽ ഉണ്ടായിരുന്നത്. അദ്ദേഹം എന്നോട് ചോദിച്ചു. നിങ്ങൾ ആർമിയിൽ Select ചെയ്യപ്പെട്ടാൽ Officeൽ ആണോ, അതോ ഫീൽഡിലാണോ സേവനം ചെയ്യാൻ ആഗ്രഹിക്കുന്നത്.?

ഞാൻ പറഞ്ഞു, ഞാൻ ദേശസ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് ആർമിയിൽ ചേരുന്നത്. അങ്ങനെ രാജ്യത്തെ സേവിക്കാനാണ് ആഗ്രഹം. രാജ്യത്തെ



എല്ലാത്തരം ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ ആഗ്രഹിക്കുന്നു. രണാങ്കണമാണെങ്കിലും, മറ്റേത് ഫീൽഡ് ആണെങ്കിലും, എന്നെ എവിടെ നിയമിച്ചാലും അവിടെ ഞാൻ രാജ്യത്തെ സേവിക്കുന്നതാണ്.

അദ്ദേഹം ഞങ്ങളെ വ്യത്യസ്ത ഗ്രൂപ്പുകളാക്കി വിവിധതരം Task തന്നു. ഉദാഹരണമായി പാലം നിർമിക്കുക, മലകയറുക, ശത്രുക്കളെനേരിടുക....... ഇത്തരം ജോലികൾ തന്ന് പ്രവർത്തനവും കഴിവും വിലയിരുത്തും. ഗ്രൂപ്പ് അംഗങ്ങൾക്ക് ഓരോരുത്തർക്കും ഊഴമനുസരിച്ച് ഗ്രൂപ്പിനെ നയിക്കേണ്ട ഉത്തരവാദിത്വവുമുണ്ട്. എന്റെ ഊഴമെത്തിയപ്പോൾ മേജർ എന്നോട് പറഞ്ഞു, നിങ്ങൾ മറ്റുള്ളവർക്ക് കീഴിൽ ജോലിചെയ്യുമ്പോൾ അവർക്ക് തുടരെത്തുടരെ അഭിപ്രായങ്ങളും മാർഗനിർദേശങ്ങളും നൽകിക്കൊണ്ടിരുന്നു. നിങ്ങളെ ലീഡറാക്കിയപ്പോൾ അവർക്ക് നിങ്ങൾ കൽപ്പനകളും നൽകുന്നു. എന്റെ അഭിപ്രായത്തിൽ നിങ്ങൾ ആർമിയുടെ ചിന്ത ഒഴിവാക്കി, മറ്റുള്ളവർക്ക് ആജ്ഞകൾ നൽകാൻ കഴിയുന്ന മറ്റെന്തെങ്കിലും ജോലി അന്വേഷിക്കുകയാണ് നല്ലത്.

തുടക്കം മുതൽ തന്നെ നിങ്ങൾ അത്ഫാലുൽ അഹ്മദിയ്യയിലും ഖുദ്ദാമുൽ അഹ്മദിയ്യയിലും പ്രവർത്തിച്ചാൽ പ്രശ്നങ്ങളെ എങ്ങിനെ അഭിമുഖീകരിക്കണമെന്നും തരണം ചെയ്യണമെന്നും പഠിക്കുന്നതാണ്. മറ്റുള്ളവർക്ക് മാർഗദർശനം നൽകാനും നല്ല അഭിപ്രായങ്ങൾ നൽകാനും കഴിയുന്നതാണ്. ഇതെല്ലാം ഞാൻ പഠിച്ചത് ഖുദ്ദാമുൽ അഹ്മദിയ്യയിൽ നിന്നാണ്.

**പ്രതിനിധി : ഹുസൂർ അങ്ങേക്ക് അഹ്മദിയ്യത്തിനുവേണ്ടി തടവറയിൽ കഴിയാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ടല്ലോ?**

ഹുസൂർ : (എനിക്ക് തോന്നുന്നത്) നമസ്കാര സമയം ആയെന്നാണ്. അതൊരു നീണ്ട കഥയാണ്. അതുകൊണ്ട്, ബാക്കി കാര്യങ്ങൾ പിന്നീട് ആവാം. എനിക്ക് തോന്നുന്നത് ഒരുപാട് ചോദ്യങ്ങൾ കടന്നുപോയെന്നാണ്. ഇനിയും ഒരുപാട് ചോദ്യങ്ങൾ ബാക്കിയുണ്ടോ?

**പ്രതിനിധി : ഉവ്വ് ഹുസൂർ, വെറും 30% മാത്രമേ ആയിട്ടുള്ളൂ.**

ഹുസൂർ : ശരി, ബാക്കി പിന്നീടാകാം.

**പ്രതിനിധി : ജീ ഹുസൂർ, ഇൻശാ അല്ലാഹ്.**

ഹുസൂർ : ഞാൻ ചുരുങ്ങിയ വാക്കുകളിൽ മറുപടി പറയണമെന്നാണ് കരുതിയത്. ഒരുമണിക്കൂർ കൊണ്ട് തീരുമെന്നും വിചാരിച്ചു. പക്ഷേ, നിങ്ങളുടെ പാനൽ, വളരെ Professional ആണെന്ന് തോന്നുന്നു. നിങ്ങളെന്നെ Trap ൽ ആക്കി.

**പാനൽ : ജസാക്കുമുല്ലാഹ് ഹുസൂർ.**

ഹുസൂർ : അസ്സലാമു അലയ്ക്കും.

**അടുത്ത ലക്കത്തിൽ**

**കാരാഗൃഹവാസം**



ദഅ്‌വത്തെ ഇലല്ലാഹ്

സഗീർ എച്ച്.എസ്

# തിരുനബി ഇല്ലാത്ത ഈദോ?

**ഹ.മുസ്‌ലിഹ് മൗഊദ് (റ)**

നമ്മുടെ ഈദ് മുഹമ്മദ് റസൂലുല്ലാഹ് (സ) ന്റെ ഈദ് തന്നെ ആകണം. നമ്മൾ ഈദ് ആഘോഷിക്കുകയും എന്നാൽ നബി (സ) ഈദ് ആഘോഷിക്കാതിരിക്കുകയുമാണെങ്കിൽ നമ്മുടേത് ഈദെന്ന് പറയപ്പെടാനേ പറ്റില്ല. മറിച്ച് അത് ശോകദിനമായിരിക്കും. ആരുടെയെങ്കിലും വീട്ടിൽ മൃതദേഹമുണ്ടായിരിക്കെ, വലിയൊരു ആൾ മരിച്ചിരിക്കെ പെരുന്നാളിന്റെ ലക്ഷക്കണക്കിന് ചന്ദ്രൻ ഉദിച്ചാലും അവർക്ക് ഈദ് ദിവസം ശോകമൂകമായിരിക്കും. അതുപോലെ ഒരു മുസ്‌ലിമിന് നബി (സ) വഫാത്തായി 1300 വർഷത്തിലധികമായെങ്കിലും അയാളുടെ ഈദിൽ മുഹമ്മദ് റസൂലുല്ലാഹ് (സ) ഭാഗഭാക്കാകുന്നില്ലെങ്കിൽ അയാളുടെ ഈദ് ഒന്നിനും കൊള്ളാത്തതാണ്. അല്ലാഹു ഈ ദിവസത്തെ നമുക്ക് സന്തോഷിക്കാനാണ് വെച്ചിട്ടുള്ളത്. അതുകൊണ്ട് നാം സന്തോഷിക്കാൻ നിർബന്ധിതരുമാണ്. എന്നാലും നാം സങ്കടപ്പെടേണ്ടിയിരിക്കുന്നു. കാരണം, മുഹമ്മദ് റസൂലുല്ലാഹ്(സ) ന്റേയും ഇസ്‌ലാമിന്റെയും ഈദ് വന്നിട്ടില്ല. മുഹമ്മദ് റസൂൽ (സ) ന്റെയും ഇസ്‌ലാമിന്റെയും ഈദ് സേമിയ കൊണ്ടോ, മധുരപായസം കൊണ്ടോ ഉണ്ടാകുന്നതല്ല. മറിച്ച് അവരുടെ ഈദ്, വിശുദ്ധ ഖുർആന്റെയും ഇസ്‌ലാമിന്റെയും പ്രചാരണത്തിലൂടെയാണ് ഉണ്ടാവുക.

വിശുദ്ധഖുർആനും, ഇസ്‌ലാമും വ്യാപകമായി പ്രചരിക്കുമ്പോൾ നമ്മുടെ ഈദിൽ മുഹമ്മദ് റസൂലുല്ലാഹ് (സ) ഉം ഭാഗമാക്കാവുന്നതാണ്. തിരുനബി (സ) സന്തോഷിക്കും, കാരണം തന്റെ വഫാത്തിന് 1300 വർഷങ്ങൾ കഴിഞ്ഞെങ്കിലും താൻ ഏതൊരു ദൗത്യവുമായായാണോ ലോകത്ത് വന്നത്, അതിനെ തന്റെ ഉമ്മത്ത് നിലനിർത്തിപ്പോരുന്നു. അതുകൊണ്ട് ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ ശ്രദ്ധിക്കുക. വിശുദ്ധ ഖുർആനെ പ്രചരിപ്പിക്കുക. അങ്ങനെ നമ്മുടെ ഈദിൽ തിരുനബി (സ) ഉം ഭാഗഭാക്കാകുമാറാകട്ടെ.

ഇന്നത്തേത് നബി (സ)ന്റെ ഈദാണെങ്കിൽ എല്ലാ മുസ്‌ലീങ്ങൾക്കും അത് ഈദാണ്. എന്നാൽ ഇന്ന് ഈദിൽ നബി (സ) ഭാഗഭാക്കാകുന്നില്ലെങ്കിൽ, മുഴുവൻ മുസ്‌ലിംങ്ങൾക്കും ഇന്ന് ഈദല്ല, ശോകത്തിന്റെ ദിനമാണ്.

(അൽ ഫസൽ 20.02.1957)

ശതാബ്ദം
1911 – ആഗസ്റ്റ്

എസ്.

# അല്ലാഹുവാണ് ഖലീഫയെ നിയമിക്കുന്നത്

**- ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) -**

*ഖലീഫയേയും അഞ്ചുമനേയും കുറിച്ചുള്ള ചർച്ചകൾ നടത്തി ചിലർ ഭിന്നിപ്പിന് അവസരമുണ്ടാക്കുന്നത് സംബന്ധിച്ച് അറിഞ്ഞപ്പോൾ ഖലീഫത്തുൽ മസീഹ് അവ്വൽ ഹ. മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന് ഏറെ വിഷമമുണ്ടാവുകയും ഹുസൂർ **1911 ആഗസ്റ്റ് 5** ന് ജമാഅത്തിനെ സംബോധന ചെയ്ത് ഒരു പ്രഭാഷണം നടത്തുകയും ചെയ്തു.*

ഹുസൂർ പറഞ്ഞു :

നിങ്ങൾ, ഖലീഫയും അഞ്ചുമനും തമ്മിലുള്ള ബന്ധമെന്താണെന്നും ചർച്ച നടത്തി പിന്നെ അതിൽ തീരുമാനം കൽപിക്കുകയും ചെയ്യുന്നത് എന്നെ ഏറെ വിഷമിപ്പിക്കുന്നു. നിങ്ങൾ എന്നെ ഖലീഫത്തുൽ മസീഹ് എന്ന് പറയുന്നു. ഞാൻ ഈ സംബോധനത്തിൽ വീർക്കുന്നൊന്നുമില്ല. മറിച്ച് സ്വന്തം പേന കൊണ്ട് ഒരിക്കലും എഴുതിയിട്ടും ഇല്ല. ഞാൻ അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ട് പറയുന്നു, ഇത്തരം അനാവശ്യചർച്ചകൾ നടത്തുന്നവരെ ഞാൻ ജമാഅത്തിൽ ഉള്ളവരായി ഗണിക്കുന്നില്ല. ഇവർക്ക് ഭിന്നിപ്പിനെക്കുറിച്ച് സംസാരിക്കാൻ എന്ത് അവകാശമാണുള്ളത്? ..... എന്നെ സഹായിക്കാനുള്ള വ്യഗ്രതയിലാണ് അങ്ങിനെ ചെയ്യുന്നതെങ്കിൽ നല്ലപോലെ കേട്ടുകൊള്ളട്ടെ ഞാൻ അത്തരം സഹായത്തിന് മേൽ തുപ്പാൻ പോലും അറയ്ക്കുന്നു. എന്നെ എതിർത്തുകൊണ്ടാണ് ചെയ്യുന്നതെങ്കിൽ, എന്നെ ഖലീഫയാക്കിയ അല്ലാഹുവിനോട് പോയിപറയട്ടെ. ശ്രദ്ധിച്ച് കേൾക്കുവിൻ, സിദ്ദീഖുൽ അക്ബറിനെ കുറിച്ച് എന്റെ വിശ്വാസം, മിമ്പറിൽ ജനങ്ങൾ അദ്ദേഹത്തെ ബയ്അത്ത് ചെയ്തപ്പോൾ 'സഖീഫ സാഅദ' അല്ല അദ്ദേഹത്തെ ഖലീഫയാക്കിയത്. സ്വഹാബാക്കളുടെ ഏകോപിച്ച അഭിപ്രായവുമല്ല അദ്ദേഹത്തെ ഖലീഫയാക്കിയത്. മറിച്ച് അല്ലാഹുവാണ് ഖലീഫയാക്കിയത്. അല്ലാഹു വിശുദ്ധ ഖുർആനിൽ 4 സ്ഥലത്ത് ഖിലാഫത്തിനെകുറിച്ച് പരാമർശിക്കുന്നുണ്ട്. നാല് സ്ഥലത്തും താനുമായി ബന്ധിച്ചാണ് പറഞ്ഞിട്ടുള്ളതും. ചുരുക്കത്തിൽ ഞാനും അങ്ങിനെയാണ് ഖലീഫ ആയിട്ടുള്ളത്. എന്നെയും അല്ലാഹുവാണ് ഖലീഫയാക്കിയത്. അവന്റെ അനുഗ്രഹം കൊണ്ടുമാണ് അങ്ങനെ സംഭവിച്ചത്.



(താരീഖെ അഹ്മദിയ്യത്ത് ഭാ: 3, പേജ് : 381, 382)

സീറത്തുന്നബി(സ)

– ഹ. മിർസാ ബശീർ അഹ്മദ് MA ( റ )

# മാതാവുമൊന്നിച്ചു യസ്‌രിബിലേക്ക്

ഹലീമ, നബി(സ)നെ മാതാവിന്റെ അടുത്തെത്തിച്ചു. അപ്പോൾ ഏകദേശം 4 വയസായിരുന്നു നബി(സ)ന്. തുടർന്ന് മാതാവിന്റെ സംരക്ഷണത്തിൽ തന്നെയാണ് കഴിഞ്ഞത്. 6 വയസായപ്പോൾ, കുടുംബക്കാരായ ബനൂനജ്ജാർനെ കാണാൻ വേണ്ടി ആമിന, നബി(സ)നേയും കൂട്ടി യസ്‌രിബിലേക്ക് പോയി. ഉമ്മുഅയ്മനും കൂടെയുണ്ടായിരുന്നു. ഒരു പക്ഷേ ആമിന ഈ യാത്രയിൽ തന്റെ ഭർത്താവിന്റെ മഖ്ബറ കാണാനും ആഗ്രഹിച്ചിട്ടുണ്ടാകും.ഏതായാലും യസ്‌രിബിലേക്ക് പോയി. അവിടെ ഏകദേശം ഒരുമാസം താമസിച്ചു. നബി(സ)ന് ഈ കാലഘട്ടം തന്റെ അവസാനംവരെയും ഓർമയുണ്ടായിരുന്നു. ഏകദേശം 50 വർഷങ്ങൾക്ക് ശേഷം തിരുനബി(സ) മദീനയിലേക്ക് ഹിജ്റ പോയപ്പോൾ, സ്വഹാബാക്കൾക്ക് താൻ, മാതാവിന്റെ കൂടെ താമസിച്ചവീടും മദീനയിലെ കുട്ടികളോടൊപ്പം കളിച്ച സ്ഥലവും, നീന്തൽ പഠിച്ച കുളവും കാണിച്ചുകൊടുത്തിരുന്നു. (ഇബ്നുഹിശാം വ ഇബ്നുസഅദ്, ത്വിബ്‌രി)

## മാതാവിന്റെ മരണം

ഏകദേശം ഒരുമാസത്തെ താമസത്തിനുശേഷം ആമിന തിരിച്ച് യാത്രയായി. പക്ഷേ തന്റെ ഭർത്താവിനെപ്പോലെ പരദേശത്ത് വെച്ച് മരണപ്പെടാനായിരുന്നു അവർക്കും വിധി. അങ്ങനെ യാത്രക്കിടയിൽ അവർ രോഗാതുരയാവുകയും, അബ്‌വാ എന്ന സ്ഥലത്ത് മരണപ്പെടുകയും ചെയ്തു. അവിടെ തന്നെയാണ് മറവടക്കിയതും. നുബുവ്വത്ത് ലഭിച്ച ശേഷം ഒരിക്കൽ ഈ സ്ഥലത്തുകൂടി പോകാനിട വന്നപ്പോൾ നബി (സ) മാതാവിന്റെ ഖബറിടത്തിൽ പോവുകയും, ഖബർ കണ്ട് കണ്ണീർ വാർക്കുകയുമുണ്ടായി. സ്വഹാബാക്കളും കരയാൻ തുടങ്ങി. തിരുമേനി(സ) പറഞ്ഞു : അല്ലാഹു എനിക്ക് മാതാവിന്റെ ഖബർ സന്ദർശിക്കാൻ അനുമതി നൽയിട്ടുണ്ട്. പക്ഷേ ദുഃആ ചെയ്യാൻ അനുവദിച്ചിട്ടില്ല. (മുസ്‌ലിം, ഇബ്നുമാജ) നബി(സ)ന്റെ മാതാവിന് മഗ്ഫിറത്ത് കിട്ടുകയില്ല എന്ന് ഇതുകൊണ്ട് അർഥമാക്കേണ്ടതില്ല. കാരണം അതൊക്കെ അല്ലാഹുവിന്റെ കയ്യിലാണുള്ളത്. അതേക്കുറിച്ച് അതെങ്ങിനെയാകുമെന്ന് പറയാൻ സാധ്യമല്ല. ഇതിൽ നിന്ന് മനസ്സിലാവുന്നത്, നബി(സ) പറഞ്ഞത്, ശിർക്കിന്റെ അവസ്ഥയിൽ മരിക്കുന്നവർക്ക് ദുഃആ ചെയ്യുന്നത് ശരിയല്ലെന്നാണ്. മറിച്ച് അക്കാര്യം അല്ലാഹുവിൽ ഭാരമേൽപ്പിക്കുകയാണ് വേണ്ടത്. മാതാവിന്റെ മരണത്തോടെ നബി(സ) പൂർണമായും യുതുമ (അനാഥൻ) ആയി. ചെറുപ്രായത്തിൽ പരദേശത്ത് വെച്ച്, അതും പിതാവ് നേരത്തെതന്നെ മരണമടഞ്ഞിരിക്കെ മാതാവിന്റെ വിയോഗം സാധാരണഗതിയിലുള്ള സങ്കടമല്ല ഉണ്ടാക്കുക. അതുകൊണ്ട് തന്നെ ഈ സംഭവങ്ങൾ നബി(സ)ന്റെ ഹൃദയത്തിൽ ആഴത്തിലുള്ള സ്ഥായിയായ പ്രഭാവമാണ് ചെലുത്തിയത്. നബി(സ) മുഴുമനുഷ്യകുലത്തിനും അനുഗ്രഹമായിട്ടാണ് നിയോഗിക്കപ്പെട്ടിരുന്നതെങ്കിലും, ഈ ആദ്യകാല ദുഃഖങ്ങളുടെ ഫലമായി നബി(സ)ന്റെ സ്വഭാവത്തിൽ ദരിദ്രരോടുള്ള സ്നേഹവും, കഷ്ടതനുഭവിക്കുന്നവരോട് സഹാനുഭൂതിയും അനിതരസാധാരണമായ അവസ്ഥയിൽ എത്തുകയുണ്ടായി. വിശുദ്ധ ഖുർആൻ, നബി(സ)നെ യുതുമ (അനാഥൻ) എന്ന നിലക്ക് പരാമർശിച്ചുകൊണ്ട് പറയുന്നു.

അലം യജ്ദ്ക യതീമൻ ഫ ആവാ.....

ഫ അമ്മൽ യത്തീമ ഫലാ തഖ്ഹർ (93 – 8,10)

നാം നിന്നെ അനാഥനായി കണ്ട് അഭയം നൽകിയില്ലേ.....

അതുകൊണ്ട് തന്നെ, അനാഥരോട് അനുകമ്പയോടും സഹാനുഭൂതിയോടും കൂടി വർത്തിക്കേണ്ടതാണ്.

(അവ : സീറത്ത് ഖാത്തമുന്നബിയ്യീൻ) സമ്പാ : എ.എസ്

## പുണ്യാത്മാക്കൾ

# "ഹുജ്ജത്തുല്ലാഹ്" ഹദ്റത്ത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബ് (റ)



- ജനനം: 1870 ജനുവരി 1 (29 റമദാൻ 1286 ഹിജ്റി)
- പിതാവ്: മലേർ കോട്ട്ലയിലെ നാട്ടു രാജാവായിരുന്ന നവാബ് ഗുലാം മുഹമ്മദ് ഖാൻ സാഹിബ് ആണ്.
- ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മൂത്തപുത്രി ഹദ്റത്ത് നവാബ് മുബാറക്ക ബേഗം സാഹിബയെ വിവാഹം ചെയ്തു.
- ആദ്യ ഭാര്യ ബൂ മെഹറുന്നിസ ബേഗം സാഹിബയിൽ മക്കൾ ഉണ്ടായിരുന്നു.
- ഇവരുടെ മരണത്തെ തുടർന്ന് ബൂ അമത്തുൽ വഹീദ ബേഗം സാഹിബയെ വിവാഹം കഴിച്ചു.
- രണ്ടാം ഭാര്യയുടെ മരണത്തിനു ശേഷമാണ് ഹ. മുബാറക്ക ബേഗം സാഹിബയെ വിവാഹം ചെയ്തത്. ഇവരിൽ 2 ആൺമക്കളും 3 പെൺമക്കളും ഉണ്ടായി.
- ആദ്യഭാര്യയിലെ മൂത്ത പുത്രൻ അബ്ദുല്ലാഹ്ഖാൻ സാഹിബാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചെറിയ മകൾ ഹ.സയ്യിദ അമത്തുൽ ഹഫീസ് ബേഗം സാഹിബയെ വിവാഹം കഴിച്ചത്.
- ചെറിയ മകൾ ബൂ സൈനബ് ബേഗം സാഹിബയെ ഹ. മിർസാ ശരീഫ് അഹ്മദ് സാഹിബ് വിവാഹം ചെയ്തു.
- നവാബ് സാഹിബിനെ പിതാവ് 6/7 വയസ് പ്രായമുള്ളപ്പോൾ അമ്പാലയിലെ ചീഫ്സ് കോളേജിൽ ചേർത്തു.
- ഏറ്റവും മൂത്ത പുത്രി 17 ദിവസം പ്രായമുള്ളപ്പോൾ കുടുംബത്തിൽ ശിർക്ക്പരമായ ആചാരങ്ങൾക്ക് വട്ടംകൂട്ടുന്നത് കണ്ടപ്പോൾ നവാബ് സാഹിബ് പറഞ്ഞു, എന്റെ 7 ആൺമക്കൾ എന്റെ കൺമുന്നിൽ നിറയൗവ്വനത്തിൽ മരണപ്പെട്ടാലും ഞാൻ ശിർക്കിന് കൂട്ട് നിൽക്കുകയില്ല.
- നവാബ് സാഹിബിന്റെ ഉസ്താദ് 1889 മെയ് 4-ന് ഹുസൂർ (അ) ന് ബയ്അത്ത് ചെയ്തിരുന്നു.
- 1890 നവംബർ 19-ന് നവാബ് സാഹിബും ബയ്അത്ത് ചെയ്തു.
- തുടക്കത്തിൽ ബയ്അത്തിനെ കുറിച്ച് വെളിപ്പെടുത്താതിരിക്കാൻ ഉപദേശങ്ങൾ ലഭിച്ചെങ്കിലും നവാബ് സാഹിബ് അത് ഇഷ്ടപ്പെട്ടില്ല. ഒളിപ്പിച്ചുവെച്ച വിശ്വാസം ഭീരുത്വമായിട്ടാണ് അദ്ദേഹം മനസിലാക്കിയത്.
- ഒരിക്കൽ ഹുസൂർ (അ) അദ്ദേഹത്തിനുള്ള ഒരു കത്തിൽ എഴുതി. ഏതോ ഒരു തരത്തിലുള്ള സ്വീകാര്യതയും, വിജയവും, ഉയർച്ചയും പ്രതാപവാനായ അല്ലാഹുവിൽ നിന്ന് താങ്കൾക്ക് വേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. (കത്ത് 22/12/1891)
- നവാബ് സാഹിബിന്റെ അപേക്ഷപ്രകാരം 1896-ൽ ഹുസൂർ (അ), ഹ. മൗലാനാ നൂറുദ്ദീൻ സാഹിബിനെ വിശുദ്ധഖുർആൻ പഠിപ്പിക്കാൻ മലേർക്കോട്ട്ലയിലേക്ക് അയച്ചു.
- 1901 ഡിസംബറിൽ അദ്ദേഹം രണ്ടാമത്തെ ഭാര്യയോടുകൂടി ഖാദിയാനിൽ സ്ഥിരതാമസമാക്കി.
- 1908 ഫെബ്രുവരി 17-ന് ഹ.മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ്, ഇദ്ദേഹത്തിന്റെ മൂന്നാമത്തെ നിക്കാഹ് ഖുത്ബ നിർവ്വഹിച്ചു.
- 1909 മാർച്ച് 14-നാണ് വിവാഹം നടന്നത്.
- 1945 ഫെബ്രൂവരി 10-ന് ഖാദിയാനിൽ വെച്ച് വഫാത്തായി.
- ഹ.ഖലിഫത്തുൽ മസീഹ് സാനി (റ) ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി.
- മരിക്കുമ്പോൾ 75 വയസ്സായിരുന്നു പ്രായം.

---

**നമുക്ക് താരതമ്യം ചെയ്യാം**

ആഫ്താബ്

وَاِذَا وَقَعَ الْقَوْلُ عَلَيْهِمْ اَخْرَجْنَا لَهُمْ دَآبَّةً مِّنَ الْاَرْضِ
تُكَلِّمُهُمْ ۙ اَنَّ النَّاسَ كَانُوْا بِاٰيٰتِنَا لَا يُوْقِنُوْنَ ۸۳ (27:83)

# മൃഗം സംസാരിക്കുന്നുവെന്നോ?

### ജമാഅത്തെ ഇസ്ലാമി

അവരിൽ നമ്മുടെ വചനം പുലരുന്ന സമയം ആസന്നമായാൽ, അപ്പോൾ നാം അവർക്കായി ഭൂമിയിൽ നിന്ന് ഒരുജന്തുവിനെ പുറപ്പെടുവിക്കുന്നതാകുന്നു. അത് അവരോട് സംസാരിക്കും. എന്തെന്നാൽ, ജനത്തിന് നമ്മുടെ സൂക്തങ്ങളിൽ ദൃഢവിശ്വാസമുണ്ടായിരുന്നില്ല.
(ഖുർആൻ ഭാഷ്യം, മൗലവി മൗദൂദി പ്രസാധനം : ഐ.പി.എച്ച്)

### മുജാഹിദ്

അവരുടെമേൽ ആ വാക്ക് സംഭവിക്കുമ്പോൾ ഭൂമിയിൽനിന്നും ഒരു ജീവിയെ (മൃഗത്തെ) നാം അവർക്ക് പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ലക്ഷ്യങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാണെന്ന് അതവരോട് സംസാരിക്കുന്നതാകുന്നു.
(വി.ഖുർആൻ വിവരണം, ഭാഗം : 3, പ്രസാ: കെ.എൻ.എം. By അമാനി മൗലവി

### സഊദി അറേബ്യ

ആ വാക്ക് അവരുടെമേൽ വന്നുഭവിച്ചാൽ ഭൂമിയിൽ നിന്ന് ഒരു ജന്തുവെ നാം അവരുടെ നേരെ പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ, ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാകുന്നു എന്ന വിഷയം അത് അവരോട് സംസാരിക്കുന്നതാണ്.
(വി.ഖുർആൻ സമ്പൂർണ മലയാള പരിഭാഷ, പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ് സഊദി അറേബ്യ)

## അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്

അവരുടെ നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് പുലർന്നുകഴിഞ്ഞാൽ അവരെ മുറിവേൽപ്പിക്കുന്ന ഒരു *ജന്തുവിനെ ഭൂമിയിൽ നിന്നും നാം അവർക്കുവേണ്ടി പുറത്തുകൊണ്ടുവരുന്നതാണ്. ജനങ്ങൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത കാരണത്താലാണിത്.
(വിശുദ്ധ ഖുർആൻ മലയാള പരിഭാഷ)

---

*** ദാബത്തുൽ അർള് - ഭൂമിയിൽ നിന്നുള്ള ഒരു ജന്തു.**

നബി വചനങ്ങളിലും ഈ പ്രവചനം കാണാം. ദാബ്ബത്തുൽ അർള് എന്നാണ് അവിടേയും പറഞ്ഞിട്ടുള്ളത്. അവസാനകാലം ഉണ്ടാകുന്ന ഒരു ശിക്ഷ എന്ന നിലയിൽ അതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. പ്ലേഗിന്റെ കൃമികളാണ് ഇതുകൊണ്ടുള്ള വിവക്ഷിതം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്തുതന്നെ അത് സംഭവിച്ചു. അദ്ദേഹം അതിനെക്കുറിച്ച് പ്രത്യേകം മുന്നറിയിപ്പ് നൽകിയിരുന്നു എന്നത് ശ്രദ്ധേയമാണ്. തുകല്ലിമു എന്ന വാക്കിന്റെ അർഥം മുറിവേൽപിക്കുക എന്നാണ്. അതായത് ആ കൃമി മനുഷ്യശരീരത്തെ മുറിവേൽപിച്ചുകൊണ്ട് മാരകമായ ആ രോഗം പരത്തുമെന്ന് താൽപര്യം. മറ്റൊരു നബിവചനത്തിൽ നഗ്ഫ് എന്ന മാരകരോഗം വ്യാപിക്കുമെന്ന് പ്രവചനമുണ്ട്. (മുസ്ലിം) അവിടെ പറഞ്ഞ നഗ്ഫ് ഉം ഇവിടെ പറഞ്ഞ ദാബ്ബത്തുൽ അർള് ഉം ഒന്നുതന്നെയെന്നാണ് മനസ്സിലാകുന്നത്.

ദാബ്ബത്തുൽ അർളിനെ സംബന്ധിച്ച പ്രവചനത്തിന് വാഗ്ദത്ത മസീഹ് (അ) വിവരിച്ചിട്ടുള്ള രണ്ടു വ്യാഖ്യാനങ്ങളിൽ ഒന്നിന്റെ സംക്ഷിപ്തമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ആ മഹാത്മാവ് നൽകിയ മറ്റൊരു വ്യാഖ്യാനം ദാബ്ബത്തുൽ അർള് എന്നാൽ, അവസാനകാലം വാഗ്ദത്ത മസീഹിനെതിരിൽ ആസൂത്രിത പദ്ധതികളോടുകൂടി പുറപ്പെടുന്ന പണ്ഡിത സമൂഹമാണെന്നാണ്. അവർ ഇസ്ലാമിന്റെ പേരിൽ സർവത്ര പ്രചാരണങ്ങൾ നടത്തുമെങ്കിലും തികച്ചും ആത്മീയത നഷ്ടപ്പെട്ടവരും ഭൗതീകതയിൽ ആപതിച്ചവരുമായതുകൊണ്ടാണ് അവർക്ക് ദാബ്ബത്തുൽ അർള് എന്ന് പറയുന്നത്. ഇങ്ങനെ വരുമ്പോൾ, തുകല്ലിമു എന്ന പദത്തിന് ആ ദാബ്ബത്ത് മനുഷ്യരോട് സംസാരിക്കും എന്ന് വിവക്ഷിതം. അതായത്, അവർ സത്യത്തിനെതിരിൽ വളരെ പ്രചാരണം നടത്തുമെന്ന് ചുരുക്കം.

വനിതാരംഗം

അബൂഅത്തിയ

# ഒരു പിതാവ് മകൾക്ക് വേണ്ടി ചെയ്ത പ്രാർത്ഥനകൾ

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ മൂത്ത പുത്രി **ഹദ്റത്ത് സാഹിബ് സാദി നാസിറ ബേഗം സാഹിബ** (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) യുടെ മാതാവ്) യും മറ്റ് ഏതാനും മക്കളും വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കിയപ്പോൾ മുസ്‌ലിഹ് മൗഊദ് (റ) എഴുതിയ നീണ്ട കവിതയിൽ നിന്നുള്ള ഒരു ഭാഗമാണ് ചുവടെ ചേർക്കുന്നത്.

അവൾ എന്റെ **നാസിറ**, അവൾ പരിശുദ്ധ പുത്രി
ബുദ്ധിമതി, അനുഗൃഹീതയും പരിശുദ്ധയുമായ പവിഴമുത്ത്
എന്റെ പ്രിയപ്പെട്ടവരേ, എന്റെ മക്കളേ, നിങ്ങൾ
ഹൃദയാത്മനാ ഇതിനെ സ്നേഹിക്കണം.
ഇതാണ് ആത്മീയ ഭൗതിക ലോകത്തിലെ അനുഗ്രഹം
ഇതിലൂടെ എല്ലാ തിന്മകളും ദൂരീകരിക്കപ്പെടുന്നു.
അല്ലാഹുവേ, എന്റെ പ്രിയ നാഥാ സർവ്വലോകങ്ങളുടേയും
ആരാധ്യനും നന്മകളുടെ നാഥനുമായുള്ള അല്ലാഹുവേ
എന്റെ പ്രിയപ്പെട്ടവർക്ക് മേൽ അനുഗ്രഹം ചൊരിയേണമേ
നിന്നിൽ നിന്ന് ഇവർക്ക് തഖ്‌വയുടെ വസ്ത്രം ലഭിക്കുമാറാകണം.
ഇവരെല്ലാം കലാമുല്ലാഹ് യെ പ്രാവർത്തികമാക്കുന്നവരാകണം.
നിന്റെ ദൃഷ്ടിയിൽ ഇവർ പൂർണ്ണ വ്യക്തിത്വങ്ങളാവണം.
നിനക്ക് വേണ്ടി മാത്രം ഇവരുടെ അകതാരിൽ സ്ഥലം ഉണ്ടാവണം.
അന്യരുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിലുമാകണം.
നിന്റെ സ്നേഹം ഇവരുടെ ഹൃത്തടങ്ങളിൽ രൂഢമൂലമാവണം.
ഇവർ എല്ലാ ശെയ്ത്വാന്റെയും കൈകളിൽ നിന്നും രക്ഷപ്പെടേണം.
വാനലോകത്ത് നിന്ന് ഇവർക്ക് ജ്ഞാനങ്ങൾ ലഭിക്കുമാറാകണം.
ഇവരുടെ ഹൃദയത്തിലെ പൂമൊട്ടുകൾ നല്ലവണ്ണം വിരിയുമാറാകണം.
നിന്റെ ഇൽഹാം ഇവരിൽ ഇറങ്ങുമാറാകണം.
നിന്റെ ആദരവ് ഇവരോടൊപ്പം ഉണ്ടാകണം.
നിന്റെ മാലാഖമാർ ഇവരുടെ കാര്യങ്ങൾ ചെയ്യണം.
അഭൗമിക ജ്ഞാനങ്ങൾ ഇവരുടെ ഹൃദയങ്ങളിൽ നിർഗമിക്കണം.
ഇവർ എല്ലാവരും സന്മാർഗത്തിന്റെ ദീപമാകണം.
ഇവർ ലോകത്തിന് നിന്റെ ശക്തി പ്രഭാവത്തിന്റെ രഹസ്യങ്ങൾ
പറഞ്ഞുകൊടുക്കുന്നവരാകണം.
ഇവർ ഹൃദയങ്ങളെ പ്രകാശമാനമാക്കുന്നവരാകണം.
നിന്റെ മാർഗത്തിൽ ഓരോ ചുവടിലും ഇവർ മൃത്യു വരിക്കാൻ തയ്യാറാകണം.
ഇവർ ശത്രുക്കളുടെ പോലും തിന്മ കാക്ഷിക്കുന്നവരാകരുത്.
എപ്പോഴും നന്മകൾ മാത്രം ഇവരുടെ ദൃഷ്ടികൾ ദർശിക്കണം.
വഴക്കും വക്കാണവും ഒഴിവാക്കുന്നവരാകണം ഹൃത്തടങ്ങളെ
സ്നേഹം കൊണ്ട് പരിമളമാക്കുന്നവരാകണം.
ഇവർ ഏഴകളുടെ തോഴരായി മാറണം.
അക്രമിയുടെ ശിരസിൽ പതിയുന്ന ഖഡ്ഗമാകണം.
ഇവർ കൂറിന്റെ രംഗത്ത് എപ്പോഴും ശത്രുഹൃദയങ്ങളെ വിമലീകരിക്കുന്നവരാകണം.
ഇവർ ശിർക്കിനെ വേരോടെ പിഴുതെറിയുന്നവരാകണം.
നിഷേധത്തിന്റെയും അനാചാരത്തിന്റെയും അടയാളങ്ങൾ മായ്ക്കുന്നവരാകണം.
ദൈവിക പ്രകാശം ഓരോ കണ്ണിലും പ്രഭാപൂരിതമാവണം.
മനുഷ്യദൃഷ്ടിയിൽ ഇവർ മാലാഖമാരായിരിക്കണം.
ഇവർ വളരുകയും ലോകത്തെ വളർത്തുകയും ചെയ്യണം.
ഇവർ പഠിക്കുകയും ലോകത്തെ പഠിപ്പിക്കുകയും വേണം.
അല്ലാഹുവേ ഇവരുടെ ദൃഷ്ടികളെ കൂർമതയുള്ളതാക്കേണമേ
തഖ്‌വയുടെ എല്ലാ മാർഗങ്ങളും ഇവർക്ക് വെളിപ്പെടുമാറാകണം.
ഇവർ അഭൗമിക ജ്ഞാനത്തിന്റെ സമുദ്രങ്ങൾ താണ്ടുന്നവരാകണം
ഇവർ വിജ്ഞാനലോകത്തിന്റെ പ്രകാശമാകണം.
ഇവർ അഹ്മദിന്റെ കൊട്ടാര കാവൽക്കാരാവണം
നാഥാ ഇവർ എല്ലാ രംഗത്തും ശക്തരാകേണമേ
ഇവർ സുറയ്യ യിൽ നിന്ന് ഈമാൻ കൊണ്ടുവരുന്നവരാകണം.
ഇവർ നിന്റെ ഖുർആൻ തിരികെ കൊണ്ടുവരുന്നവരാകണം.

ചരിത്രം

ഇഷ്

# ഇന്ത്യയിൽ ആദ്യത്തെ എയർകണ്ടീഷൻ ട്രെയിൻ

ഡോ. സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) 1930കളുടെ മധ്യത്തിൽ വൈസ്രോയി കൗൺസിൽ മെമ്പർ എന്ന നിലക്ക് റയിൽവേ, തൊഴിൽ വകുപ്പുകളുടെ മന്ത്രിയായിരുന്നു. അന്ന് എഞ്ചിനീയറായിരുന്ന സർ ഗഥരീ റസലുമായി റയിൽവേ കംപാർട്ടുമെന്റുകൾക്കുള്ളിൽ പൊടിയും മണ്ണും ആവാതിരിക്കാനും, തണുത്ത കാറ്റ് കൊള്ളുന്നതിനുമുള്ള കാര്യങ്ങൾ കൂടി യാലോചിച്ചിരുന്നു. എഞ്ചിനീയർ പറഞ്ഞത് താങ്കൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താവുന്നതാണ്. കൂടുതൽ ചർച്ചകൾക്ക് ശേഷം അദ്ദേഹം പറഞ്ഞത് ഉത്തരേന്ത്യയിൽ, ഐസ്കട്ടകൾ കൊണ്ട് തണുപ്പിച്ച കംപാർട്ട് മെന്റുകൾ പരീക്ഷണാർത്ഥം ആരംഭിക്കാം. വിജയിച്ചാൽ അത് കൂടുതൽ വികസിപ്പിക്കാവുന്നതാണ് എന്നായിരുന്നു.




അസംബ്ലിയിൽ എതിർപ്പുകൾ ഉണ്ടായെങ്കിലും വിജയ പ്രദമായി ഏതാനും ബോഗികൾ ഉത്തരേന്ത്യയിലെ അതിവേഗ തീവണ്ടികളിൽ എയർകണ്ടീഷനാക്കി. എഞ്ചിനീയർ, മുഴുവൻ തീവണ്ടിയും എയർ കണ്ടീഷനാക്കുന്നതിനെ കുറിച്ചും സംസാരിച്ചിരുന്നു. ഇത്തരം തീവണ്ടിയിൽ രണ്ട് ക്ലാസുകൾ വേണമെന്നും (ചെയർകാറും, സ്ലീപ്പറും) സ്ലീപ്പറിൽ ഫസ്റ്റ് ക്ലാസിനേക്കാളും അൽപം അധികം ചാർജും, ചെയർകാറിൽ സെക്കന്റ് ക്ലാസ് ചാർജും ഈടാക്കിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞിരുന്നു. കാരണം, മുഴുവൻ ട്രെയിനും എയർകണ്ടീഷൻ ആകുമ്പോൾ ഐസ്കട്ടകൾക്ക് പകരം എഞ്ചിനിൽ നിന്നുമുള്ള ഊർജം കൊണ്ട് തന്നെ തണുപ്പിക്കാൻ കഴിയുമെന്നും എല്ലാ ബോഗികളിലേക്കും ഭാഗികമായി വിഭജിക്കപ്പെടുമ്പോൾ യാത്രാകൂലി വല്ലാതെ കൂട്ടേണ്ടിവരികയില്ലെന്നും ഉള്ള അഭിപ്രായമായിരുന്നു അദ്ദേഹത്തിന്.



ഹ. സഫറുല്ലാഹ് ഖാൻ സാഹിബ് പറയുന്നു : ഏതായിരുന്നാലും ജനക്ഷേമകരമായ ഈ പദ്ധതി എനിക്ക് ഏറെ താൽപര്യജനകമായിരുന്നു. പക്ഷേ 1938-ൽ ഞാൻ റയിൽവേ വകുപ്പിന്റെ ഉത്തരവാദിത്വം ഒഴിഞ്ഞു. മാത്രമല്ല 1939ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ പിന്നെ ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞതുമില്ല. ജനങ്ങളുടെ സുഖകരമായ യാത്ര എന്നതിലുപരി, സാമൂഹികവും സാംസ്കാരികവുമായ ഒരുപാട് പ്രയോജനങ്ങളും ഞാൻ അതിൽ കാണുനുണ്ടായിരുന്നു.





# ദന്ത സംരക്ഷണം

ഹദ്റത് ഖലിഫത്തുൽ മസിഹ് റാബിഅ് (റഹ്)


ആരോഗ്യം



നബി(സ) നമുക്ക് മേൽ ചെയ്തിട്ടുള്ള സൗഭാഗ്യങ്ങൾ എണ്ണിക്കണക്കാക്കാനേ സാധ്യമല്ല. തിരുനബി(സ), ദൈനംദിന ജീവിതത്തിൽ പാലിക്കാൻ പറഞ്ഞ ഉപദേശങ്ങൾ മനുഷ്യജീവിതത്തിൽ വലിയമാറ്റങ്ങൾക്ക് കാരണമാകുന്നതാണ്.

ഒരുപാട് പേർ ദന്തരോഗങ്ങളിൽ അകപ്പെടുന്നു. ഇക്കാലഘട്ടത്തിൽ ഏറ്റവും നവീനരായ ഡോക്ടർമാർക്ക് പോലും അതിന് ഫലപ്രദമായ ചികിത്സചെയ്യാൻ കഴിയുന്നില്ല. കേട് വന്ന പല്ല് കേടുവന്നത് തന്നെ. നബി(സ)ന്റെ സ്വഭാവം, അതേകുറിച്ച് അവിടുന്ന് ഉപദേശിച്ചത്, ഓരോ നമസ്കാരത്തിനും മുമ്പേ നല്ലപോലെ പല്ല് തേക്കണമെന്നാണ്. അഞ്ച് നേരം പല്ല് വൃത്തിയാക്കുന്ന സ്വഭാവമുണ്ടാവുകയും, മക്കളേയും നിങ്ങൾ ഈ സ്വഭാവം ശീലിപ്പിക്കുകയും ചെയ്താൽ പിന്നെ എങ്ങിനെയാണ് ആയുസിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ അവരുടെ പല്ല് കേടു വരുക? യഥാർത്ഥത്തിൽ, അലംഭാവം കാരണം ശീലമുണ്ടായിട്ടില്ലെങ്കിൽ പല്ലുകളിൽ അതിന്റെ ഫലവും കാണാം.





ചില രോഗങ്ങൾക്ക് പല്ല് തേക്കുന്ന സ്വഭാവവുമായി ബന്ധമില്ലെന്നത് മറ്റൊരു സംഗതിയാണ്. അത് അകത്തുള്ള രോഗങ്ങളാണ്. നബി(സ) രോഗങ്ങളെകുറിച്ചല്ല പറയുന്നത്. നബി(സ) പറഞ്ഞത്, നിങ്ങൾക്ക് അല്ലാഹു നൽകിയിരിക്കുന്ന പല്ലുകൾ അതേ അവസ്ഥയിൽ സംരക്ഷിക്കേണ്ടത് നിങ്ങളുടെ കടമയാണെന്നാണ്. നല്ല പല്ലുകളുള്ളവർ അഞ്ച് നേരവും അത് വൃത്തിയാക്കാൻ ശീലിച്ചാൽ പിന്നീടൊരിക്കലും അവരുടെ പല്ലുകൾ കേടുവരുന്നതല്ല. എന്നെ കാണാൻ വരുന്ന ചില പുതുദമ്പതികൾ, ചിരിക്കുമ്പോൾ മുത്തുകൾപോലെ അവരുടെ പല്ലുകൾ കാണപ്പെടാറുണ്ട്. ഞാൻ അവരെ ഉപദേശിക്കാറുള്ളതും പറയാറുള്ളതും, അല്ലാഹു നിങ്ങൾക്കിത് അനുഗ്രഹമായി നൽകിയിരിക്കുകയാണ്. മറ്റൊരു അനുഗ്രഹം കൂടിയുണ്ട്. ജനങ്ങൾ അതിൽ നിന്ന് മുഖം തിരിക്കുന്നു. എന്നാൽ നിങ്ങൾ മുഖം തിരിക്കരുത്, അത് മുഹമ്മദ് റസൂലാണ് (സ) ആണ്. നിങ്ങൾക്ക് ഈ അനുഗ്രഹം മുഖേന ഭൗതിക അനുഗ്രഹത്തേയും സംരക്ഷിക്കാൻ കഴിയുന്നതാണ്. നബി(സ) അഞ്ച് നേരം പല്ല് വൃത്തിയാക്കാൻ പറഞ്ഞിട്ടുണ്ട്. ഇക്കാലത്ത് മിസ്വാക്ക് അല്ലെങ്കിൽ എല്ലാവിധത്തിലുമുള്ള ടൂത്ത് പേസ്റ്റുകളും കിട്ടാനുണ്ട്. നിങ്ങൾക്ക് അഞ്ച് നേരം പല്ല് വൃത്തിയാക്കുന്ന സ്വഭാവമുണ്ടെങ്കിൽ ജീവിതം മുഴുവനും അത് വൃത്തിയായിരിക്കും.







വയസ്സാകുന്നതിനനുസരിച്ച് പല്ല് കൊഴിയുമെന്നാണ് ചിലർ ധരിച്ചുവച്ചിട്ടുള്ളത്. എന്നാൽ അത് തെറ്റാണ്. സംരക്ഷിക്കപ്പെടുന്ന പല്ലുകൾ പ്രായമാകുന്നതിനനുസരിച്ച് ബലവത്തായിരിക്കും. കാരണം പല്ലിന്റെ ബലം മോണയുടെ ബലവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ അഞ്ച് നേരം പല്ല് വൃത്തിയാക്കിയാൽ രോഗാണുക്കൾക്ക് മോണയെ ബലക്ഷയമുണ്ടാക്കാൻ സാധ്യമല്ല. അതെപ്പോഴും നന്നായിരിക്കുകയും ചെയ്യും.



(മശ്അലെ രാഹ് 3, പേജ്: 666, 669)
(സമ്പാ: എ.നാസിർ)

വീക്ഷണവിശേഷം

ഒബ്സർവർ

# മലബാർ ഖിലാഫത്ത് മോഹത്തിന് 90 വയസ്സ്

2011 ആഗസ്റ്റ് മാസത്തിൽ മലബാർ കലാപത്തിന് 90 ആണ്ട് പൂർത്തിയാവുകയാണ്. ഇക്കാലയളവിൽ അതേക്കുറിച്ച് ഒരുപാട് ഒരുപാട് ചർച്ചകൾ നടന്നു. ലേഖനങ്ങളും പുസ്തകങ്ങളും വെളിച്ചത്ത് വന്നു. ഡോക്യുമെന്ററിയും സിനിമയുമൊക്കെ ജനങ്ങളിലേക്കെത്തി.

മലബാർ കലാപം ഖിലാഫത്ത് പ്രക്ഷോഭമെന്ന അരുമപ്പേരിലും പ്രസിദ്ധമാണ്. 1920കളിൽ അത്വാതുർക്ക് മുസ്തഫാ കമാൽ പാഷ, ബ്രിട്ടീഷ് സഹകരണത്തോടെ തുർക്കിയിലെ ഒട്ടോമൻ ഖിലാഫത്തിന് കല്ലറ ഒരുക്കിയതുമുതലാണ് ഖിലാഫത്ത് ഇന്ത്യൻ മുസ്ലിംകളുടെ വികാരത്തിലേക്ക് കടന്നുവരുന്നത്. അന്നത്തെ ദേശീയ നേതാക്കൾ, മുസ്ലിം വികാരത്തെ സ്വാതന്ത്ര്യസമരത്തിലേക്ക് ആവാഹിക്കാൻ അത് ഉപയോഗപ്പെടുത്തുകയായിരുന്നു. അങ്ങനെ അലി സഹോദരന്മാരുടെയും മറ്റ് ചില കോൺഗ്രസ് നേതാക്കളുടേയും ഒത്താശയോടെ ഖിലാഫത്ത് പുന:സ്ഥാപനത്തിന് ഭഗീരഥ പ്രയത്നം തന്നെ ആരംഭിച്ചു. ഇന്ത്യൻ മുസ്ലിംകൾ, സഹോദരങ്ങളായ ഹിന്ദുക്കളോടൊപ്പം തുർക്കിയിലേക്ക് ഹിജ്റത് ചെയ്യണമെന്നും അങ്ങിനെ അവിടെ കാഫിറുകളായ ബ്രിട്ടനെ തുരത്തി ഖിലാഫത്ത് പുനഃസ്ഥാപിക്കുകയും ആ വർദ്ധിത വീര്യത്തിൽ ഇന്ത്യയിൽ തിരിച്ചെത്തി ബ്രിട്ടീഷുകാരെ ആട്ടിപ്പായിക്കണമെന്നുമായിരുന്നു അജണ്ട!

അങ്ങിനെ മുസ്ലിംകളുടെ ഐക്യസിരാകേന്ദ്രമായ ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തിനുള്ള തീവ്രമായ ശ്രമങ്ങളെ മലബാർ മക്കൾ നെഞ്ചിലേറ്റി. എം.പി. നാരായണ മേനോൻ വക്കീൽ, കോടതി ബഹിഷ്കരിച്ച് ഖിലാഫത്ത് പ്രവർത്തകർക്ക് ആവേശം വിതറി നേതൃനിരയിൽ ഉണ്ടായിരുന്നു. സ്വന്തം സമുദായത്തിന്റെ എതിർപ്പുകളെ തൃണവൽക്കരിച്ചാണ് എം.പി ഈ സാഹസത്തിന് തയ്യാറായത്. മറുഭാഗത്ത് സമരരംഗത്തുണ്ടായിരുന്ന ആലി മുസ്ലിയാർ സ്വയം ഖിലാഫത്ത് രാജാവായി തിരൂരങ്ങാടി പള്ളിയിൽവെച്ച് പട്ടാഭിഷേകം ചെയ്തു!

സമരവും ഭരണവുമായി മുന്നേറിയ മുസ്ലിയാരെ ഭവിഷത്തുകൾ പറഞ്ഞ് പിന്തിരിപ്പിക്കാൻ കെ.പി. കേശവമേനോനെപോലുള്ളവർ ശ്രമിച്ചെങ്കിലും അദ്ദേഹം അത് ശ്രവിച്ചില്ല. മുസ്ലിയാർക്ക് തൂക്കുമരം കൊടുത്തുകൊണ്ടാണ് ബ്രിട്ടീഷ്കാർ അതിന് വിരാമമിട്ടത്.

അക്കാലത്ത് പ്രശ്നത്തിൽ നിന്ന് തടിതപ്പിയ കെ.എം. മൗലവി കറങ്ങിത്തിരിഞ്ഞ് കൊടുങ്ങൂരിലെത്തി. അവിടെയുള്ള പ്രാദേശിക പ്രശ്നങ്ങൾ തീർക്കാൻ ഐക്യസംഘം രൂപീകരിച്ചു. തുടർന്ന്, പ്രവർത്തനം വ്യാപിപ്പിക്കാനാണ് കേരള ജംഇയ്യത്തുൽ ഉലമക്ക് രൂപം നൽകുന്നത്. ഏറെ താമസിയാതെ കേരളമക്കളെ ഇസ്ലാഹ് ചെയ്യണമെന്ന അത്യാഗ്രഹത്തിൽ കെ.എൻ.എം ആയി അത് പരിണമിച്ചു.

ആദ്യകാലത്ത് തന്നെ വഹാബിസം മണത്ത സുന്നി നേതാക്കൾ സ്വന്തമായി കോഴിക്കോട് വെച്ച് സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് രൂപം നൽകി. അതിന്റെ സ്ഥാപകാചാര്യന്മാരിൽ പ്രമുഖനായ പാങ്ങിൽ അഹ്മദ് കുട്ടി മുസ്ലിയാരും ഖിലാഫത്ത് ലഹളക്കാലത്ത് ഒളിച്ചോടിയ മാന്യദേഹം തന്നെ.

ഏറെ രസാവഹം, ആലി മുസ്ലിയാരുടെ ഖിലാഫത്തിനെ കുറിച്ച് മൗദൂദിപാർട്ടികൾ നൊമ്പരപ്പെടുന്നത് സർവത്രസമാധാന സ്വർഗീയമായ ഭരണം പക്ഷേ കേവലം പത്തു ദിവസമേ നിലനിന്നുള്ളൂ എന്നതിലാണ്! ഏതായാലും മനുഷ്യാകൃതമായ ഒരു ഖിലാഫത്തിന് സംഭവിച്ച അപചയത്തിന് 90 വർഷം പൂർത്തിയാവുന്നു.

പണ്ഡിതന്മാരും നേതാക്കളും ആവതു പണിപ്പെട്ട് സ്ഥാപിക്കാൻ ശ്രമിച്ച ഖിലാഫത്ത് ഒരു ദിവാസ്വപ്നമായി മണ്ണടിഞ്ഞിട്ട് 90 വർഷം തികയുന്നു. മൗലാനാ അബുൽകലാം ആസാദ് ഖിലാഫത്ത് പ്രസ്ഥാനത്തെക്കുറിച്ച് പറഞ്ഞത്, പ്രസ്തുത പ്രവർത്തനത്തിന്റെ അവസാനത്തിൽ ഇന്ത്യൻ മുസ്ലിംകൾക്ക് ശുഭോദർക്കമായി ഒന്നും അവശേഷിച്ചിട്ടില്ലെന്നാണ്. അതേ ഖിലാഫത്ത് - ദൈവിക വാഗ്ദാനമാണ്. കൃത്യസമയത്ത് തന്നെ വാഗ്ദത്ത മഹ്ദീ മസീഹ് മുഖേന സ്ഥാപിച്ച യഥാർഥ ഇസ്ലാമിക ഖിലാഫത്ത് അതിന്റെ ശതവാർഷിക ഭേരിയുമായി ദിഗന്തങ്ങൾ ഭേദിച്ച് 200 രാഷ്ട്രങ്ങളിൽ ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

അതിനെ ഇല്ലാതാക്കാൻ പ്രയത്നിച്ച സമ്രാട്ടുക്കളൊക്കെ പഴങ്കഥകളിലേക്ക് ചേക്കേറിയിരിക്കുന്നു.

**ഗുട്ടൻസ്**

തൊണ്ണൂറുകളിൽ സിമി ഖിലാഫത്ത് പുനസ്ഥാപിക്കുക എന്ന മുദ്രാവാക്യമുയർത്തിയിരുന്നു. അൽഖാഇദ ഇപ്പോൾ അത് പരിഷ്കരിച്ചിരിക്കുന്നത് ആഗോള ഖിലാഫത്ത് സ്ഥാപിക്കുക എന്നാണ്. ഏറെ താമസിയാതെ അവരും പറയും മുന്തിരിക്ക് ഇച്ചിരി പുളിപ്പ് കൂടുതലാണെന്ന്.

# വിജയകരമായ യു.കെ ജൽസ

- സ്വന്തം ലേഖകൻ

**ഹദീഖത്തുൽ മഹ്ദി:** ജൂലൈ 22,23,24 (വെള്ളി,ശനി,ഞായർ)തിയ്യതികളിലായി ലണ്ടനിലെ ഹദീഖത്തുൽ മഹ്ദിയിൽ വെച്ച് നടന്ന 45ാം യു.കെ വാർഷിക സമ്മേളനം സമാപിച്ചു. 22 ാം തിയ്യതി ഇന്ത്യൻ സമയം രാത്രി 8.55 ന് ഹുസൂർ തിരുമനസ്സ് അഹ്മദിയ്യാ ജമാഅത്തിന്റെ പതാക ഉയർത്തിയതോടുകൂടി യു.കെ ജൽസയ്ക്ക് സമാരംഭം കുറിക്കപ്പെട്ടു. രാത്രി 9.00 മണിക്ക് ഹുസൂർ തിരുമനസ്സിന്റെ ഉൽഘാടന പ്രഭാഷണവുമുണ്ടായിരുന്നു.





പിറ്റേന്ന് രണ്ടാം സെഷനിൽ ഇന്ത്യൻ സമയം ഉച്ചക്ക് 2.30 ന് ആരംഭിച്ച ജൽസയിൽ തിലാവത്തിനും പദ്യത്തിനും ശേഷം ഡോ:സാഹിദ് അഹ്മദ് ഖാൻ സാഹിബ് (സദർ ഖളാ ബോർഡ് യു.കെ.) ഇസ്ലാമിക വിജയത്തിനായി ഹദ്റത് മസീഹ് മൗഊദ് (അ) കാണിച്ച ഉൽക്കടമായ ആഗ്രഹം എന്ന വിഷയത്തെക്കുറിച്ചും മുനീർ അഹ്മദ് ഹാഫിസാബാദീ സാഹിബ് (വക്കീലുൽ അഅ്ലാ തഹ്രീഖെ ജദീദ് ഖാദിയാൻ) നബി(സ)തിരുമേനിയുടെ വിശിഷ്ഠ സ്വഭാവഗുണങ്ങളെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. ശേഷം ഇന്ത്യൻ സമയം വൈകു:4.30 ഹുസൂർ തിരുമനസ്സ് ലജ്നാ ഇമായില്ലയ്ക്കായി നടത്തിയ പ്രഭാഷണമായിരുന്നു. അന്നേദിവസം മൂന്നാം സെഷനിൽ ഹുസൂർ തിരുമനസ്സ് നടപ്പുവർഷത്തിൽ അഹ്മദിയ്യാ ജമാഅത്തിന് ആഗോളതലത്തിലുണ്ടായിരിക്കുന്ന പുരോഗതിയെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി.

മൂന്നാം ദിവസം 24ാം തിയ്യതി ഇന്ത്യൻ സമയം ഉച്ചക്ക് 2.30 ന് ആരംഭിച്ച ജൽസയിൽ ഹാഫിസ് അഹ്മദ് ജിബ്രീൽ സഈദ് സാഹിബ് മിഷനറി/നാഇബ് അമീർ ഘാന) അഹ്മദിയ്യാ ജമാഅത്തിന്റെ ഭാവി ഖിലാഫത്തിലൂടെ എന്ന വിഷയത്തെക്കുറിച്ചും ശേഖ് മുസഫർ അഹ്മദ് സാഹിബ് (സദർ മജ്ലിസ് വഖ്ഫെ ജദീദ് പാക്കിസ്ഥാൻ) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാഴ്ചപ്പാടിൽ ഒരു യഥാർത്ഥ അഹ്മദി എന്ന വിഷയത്തെക്കുറിച്ചും മൗലാനാ അത്വാഉൽ മുജീബ് റാശിദ് സാഹിബ് (ഇമാം ഫസൽ മോസ്ക്ക് ലണ്ടൻ) ഹദ്റത്ത് മസീഹ് മൗഊദ് (അ)നെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടി എന്ന വിഷയത്തെക്കുറിച്ചും ജനാ ബ് റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് (അമീർ ജമാഅത്ത് യു.കെ)ചൗദ്ദരി സഫ്റുള്ളാഖാൻ സാഹിബിന്റെ ജീവചരിത്രത്തെക്കുറിച്ചും പ്രഭാഷണം നടത്തി. ശേഷം വൈകു: 5.40 ന് ആഗോള ബൈഅത്ത് നടന്നു. ശേഷം രാത്രി 8.45 ന് നടന്ന സമാപന സമ്മേളനത്തിൽ ഹുസൂർ തിരുമനസ്സിന്റെ പ്രഭാഷണത്തിനും ദുആക്കും ശേഷം യു.കെ ജൽസ സമാപിച്ചു. ഈ ജൽസയിൽ വിവിധ രാജ്യങ്ങളിൽ നിന്നായി 29000 ത്തിൽ പരം ആളുകളാണ് പങ്കെടുത്തത്.

# അഹ്മദിയ്യാ ഭൂപടത്തിലെ പുതിയ രാഷ്ട്രങ്ങൾ

## ചിലി

**യഥാർഥ പേര്: (Republic of Chile; (Republica de Chile)**



തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ ദക്ഷിണ ശാന്ത സമുദ്രതീരത്ത്, പെറു, ബോളീവിയ, അർജന്റീന എന്നിവക്കിടയിൽ നീണ്ടു കിടക്കുന്നു. വിസ്തീർണം : 7, 56, 629 ച. കി. മീ. ജനസംഖ്യ : 1.66 കോടി. ഭാഷ : സ്പാനിഷ്, മതം : ക്രിസ്തുമതം. സാക്ഷരത : 96% തലസ്ഥാനം : സാന്റിയാഗോ, നാണയം : പെസോ. പ്രതിശീർഷവരുമാനം : 14,900 ഡോളർ

**ചരിത്രം / ഭരണം**

സ്പെയ്നിൽ നിന്ന് 1818ലാണ് ചിലിക്ക് സ്വാതന്ത്ര്യം കിട്ടിയത്. 1970ൽ സൽവഡോർ അയൻഡയുടെ മാർക്കിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നു. 1973-ൽ പട്ടാളം ഭരണം പിടിച്ചെടുത്തു. തുടർന്ന് ഏകാധിപത്യ ഭരണം. 1981ൽ വീണ്ടും ജനാധിപത്യം. മിച്ചലോബാച്ചിലറ്റ് ആണ് ഇപ്പോൾ പ്രസിഡന്റ്.

**സാമ്പത്തികം :** ജനസംഖ്യയുടെ മൂന്നിലൊരു ഭാഗം കൃഷിക്കാരാണ്. ഗോതമ്പും ബാർലിയുമാണ് പ്രധാന കാർഷിക വിളകൾ. കയറ്റുമതിയുടെ 45 ശതമാനവും ദേശീയ വരുമാനത്തിന്റെ 30 ശതമാനവും ചെമ്പിൽ നിന്നാണ്.

## ബാർബഡോസ്

**(Barbados)**

തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ വടക്കു കരീബിയൻ കടലിലെ ഒരു ദ്വീപാണ് ബാർബഡോസ്. വിസ്തീർണം : 430 ച.കി.മീ. ജനസംഖ്യ : 284589, ഭാഷ : ഇംഗ്ലീഷ്, മതം : ക്രിസ്തുമതം, സാക്ഷരത : 100% തലസ്ഥാനം : ബ്രിഡ്ജ് ടൗൺ, നാണയം : ബാർബഡോസ് ഡോളർ. പ്രതിശീർഷവരുമാനം : 19,700 ഡോളർ

**ചരിത്രം / ഭരണം :** 1966-ൽ ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു. 27 അംഗ അസംബ്ലി ഉണ്ട്. മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് ഗവർണർ ജനറൽ എലിസബത്ത് രാജ്ഞിയുടെ പ്രതിനിധിയായി പ്രവർത്തിക്കുന്നു. പാർലമെന്റിനു രണ്ട് സഭകളുണ്ട്.




**സാമ്പത്തികം :** കൃഷിയും വിനോദ സഞ്ചാരവുമാണ് ആദായമാർഗങ്ങൾ. പഞ്ചസാര, മദ്യം എന്നിവ കയറ്റുമതിചെയ്യുന്നു. 1985-ൽ നാല് ലക്ഷത്തിലധികം വിനോദ സഞ്ചാരികൾ ബാർബഡോസ് സന്ദർശിച്ചു. (ജനസംഖ്യയുടെ ഇരട്ടി അതിഥികൾ!)

ഗവർണർ ജനറൽ : ക്ലിഫോർഡ് ഹസ്ബൻഡ്സ്

പ്രധാനമന്ത്രി : ഡേവിഡ് തോംസൺ



# പ്രിൻസ് എഡ്വേർഡ് അഹ്മദിയ്യാ മസ്ജിദ് സന്ദർശിച്ചു

**ലണ്ടൻ:** പ്രിൻസ് എഡ്വേർഡ് ലണ്ടനിലെ ആദ്യത്തെ മുസ്‌ലിം പള്ളിയും,ലണ്ടൻ മസ്ജിദ് എന്ന പേരിൽ പ്രശസ്തവുമായ, സൗത്ത് വെസ്റ്റ് ലണ്ടനിൽ സ്ഥിതി ചെയ്യുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഫസൽ മോസ്ക് സന്ദർശിച്ചു.ലണ്ടൻ ജമാഅത്ത് പ്രതിനിധികളും ഖലീഫത്തുൽ മസീഹും ചേർന്ന് രാജകുമാരനെ സ്വീകരിച്ചു.പള്ളിയുടെ ചരിത്രവുമായി ബന്ധപ്പെട്ട് ഒരുക്കിയിട്ടുള്ള എക്സിബിഷനും,പള്ളിയോടനുബന്ധിച്ചുള്ള പ്രസിദ്ധമായ പൂന്തോട്ടവും അദ്ദേഹത്തിന്റെ സന്ദർനത്തിൽ ഉൾപ്പെടുത്തിയിരുന്നു.ലണ്ടൻ ഗാർഡൻ സൊസൈറ്റിയുടെ രക്ഷാധികാരി കൂടിയാണദ്ദേഹം.



സന്ദർശന സമയം മുഴുവൻ ഹുസൂറിന്റെ കൂടെ ചെലവഴിച്ച എഡ്വേർഡ് ഹുസൂറിന്റെ ഉദ്യാനപരിപാലനത്തിലുള്ള താൽപര്യവും പള്ളിയുടെ ചരിത്രവും ശ്രദ്ധാപൂർവ്വം വീക്ഷിച്ചു.ഹുസൂറിന് സ്വന്തമായുള്ള പൂന്തോട്ടവും അതിൽ ഹുസൂർ പ്രത്യേകം പരിപാലിക്കുന്ന ചെറി വൃക്ഷവും രാജകുമാരൻ കൗതുകത്തോടെ നോക്കിക്കണ്ടു. പാക്കിസ്ഥാനിൽ അഹ്മദിയ്യാ നിരോധനം ഏർപ്പെടുത്തിയ 1984 മുതൽ ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അഹ്മദിയ്യാ ഖിലാഫത്തിനെക്കുറിച്ച് ഹുസൂർ അദ്ദേഹത്തെ ധരിപ്പിച്ചു.എഡ്വേർഡിനോടൊപ്പം വാർട്സ് വെർത്ത് മേയറടക്കമുള്ള ഗവൺമെന്റ് പ്രതിനിധികളുമുണ്ടായിരുന്നു. സമാപന ചടങ്ങിൽ സംസാരിച്ച യു.കെ അഹ്മദിയ്യാ അമീർ റഫീഖ് ഹയാത്ത് സാഹിബ്, പ്രിൻസ് എഡ്വേർഡിനെ മസ്ജിദ് ബൈത്തുൽ ഫുത്തൂഹിലേക്ക് ക്ഷണിക്കുകയുണ്ടായി.

## ദൈവപ്രീതി കരസ്ഥമാക്കാൻ മാതൃകാ ജീവിതം നയിക്കുക: ബി. ബി. അഹ്മദ് കബീർ സാഹിബ്

**കൊച്ചി:** സമൂഹത്തിനും രാജ്യത്തിനും വേണ്ടി മാതൃകാപരമായി പ്രവർത്തിക്കുന്നവർക്ക് മാത്രമേ ദൈവപ്രീതി കരസ്ഥമാക്കാൻ കഴിയുകയുള്ളുവെന്ന് എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം മേഖലാ ഇജ്തിമ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മജ്‌ലിസ് അൻസാറുല്ലാ മേഖല നാസിം പി. കെ ഷാഹുൽ ഹമീദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ ഉദ്ബോധന പ്രഭാഷണം നടത്തി

## തബ്‌ലീഗ് ദിനമാചരിച്ചു

**കരുളായി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും ആഭിമുഖ്യത്തിൽ ജൂലൈ 10 ഞായറാഴ്ച തബ്‌ലീഗ് ദിനമായി ആചരിച്ചു. നിലമ്പൂർ മേഖലയിലെ 1500 ഓളം പേർക്ക് സന്ദേശമെത്തിക്കാനായി. അൻസാർ സഹോദരന്മാരും പങ്കെടുത്തു. തബ്‌ലീഗിന് ശേഷം സമൂഹസദ്യയും സംഘടിപ്പിച്ചിരുന്നു.മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് തബ്‌ലീഗ് പരിപാടിക്ക് നേതൃത്വം നൽകി

## ഐ.ജിക്ക് ഖുർആൻ സമ്മാനിച്ചു

**കണ്ണൂർ :** ഉത്തരമേഖലാ ഐ.ജി. ശ്രീജിത്തിന് വിശുദ്ധ ഖുർആനും ജമാഅത്തീ സംഹിത്യങ്ങളും സമ്മാനിച്ചു. സർക്കിൾ ഇൻചാർജ് മൗ. കെ. അബ്ദുസ്സലാം സാഹിബും ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി റാസിഖ് അഹ്മദ് സാഹിബുമാണ് ഐ.ജി.യെ സന്ദർശിച്ചത്.

## മറുപടി പ്രസംഗം

മൊഗ്രാൽ : പ്രാദേശിക പള്ളികമ്മിറ്റി അഹ്മദിയ്യത്തിനെതിരെ സംഘടിപ്പിച്ച പ്രസംഗങ്ങൾക്ക് മൊഗ്രാൽ ജമാഅത്ത് മറുപടി പ്രസംഗം നടത്തി. മുബല്ലിഗ് ഹനീഫ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ് പ്രസംഗിച്ചു.

# ദഅ്വത്തെ ഇലല്ലാഹ് ക്യാമ്പ്

**ലജ്ന ഇമാഇല്ലാഹ് കേരളയുടെ നേതൃത്വത്തിൽ 5 മേഖലകളിലും ദഅ്വത്തെ ഇലല്ലാഹ് ക്യാമ്പുകൾ സംഘടിപ്പിച്ചു.**

**കരുനാഗപ്പള്ളി :** തിരുവനന്തപുരം മേഖലാ ക്യാമ്പ് കരുനാഗപ്പള്ളി മസ്ജിദിൽ സംഘടിപ്പിച്ചു. മേഖലാ സെക്രട്ടറി സാജിദ ശരീഫ് സാഹിബയുടെ അധ്യക്ഷതയിൽ മേഖലാ അമീർ അഹ്മദ് ശരീഫ് സാഹിബ് ഉദ്ഘാടനം ചെയ്തു. മൗ. എച്ച്.ശംസുദ്ദീൻ സാഹിബ്, മൗ. മുഹമ്മദ് നജീബ്ഖാൻ സാഹിബ്, മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തും 36 പേർ സംബന്ധിച്ചു.

**എറണാകുളം :** എറണാകുളം മേഖലാ ക്യാമ്പ് മസ്ജിദ് ഉമറിൽ സംഘടിപ്പിച്ചു. ദഅ്വത്തെ ഇലല്ലാഹ്, ലജ്ന സംസ്ഥാന സെക്രട്ടറി രഹ്ന കമാൽ സാഹിബയുടെ അധ്യക്ഷതയിൽ മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്തു. മൗ. സുൽത്വാൻ നസീർ സാഹിബ് ആശംസകൾ നേർന്നു. മൗ. മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗ. എം. നാസിർ അഹ്മദ് സാഹിബ്. മൗ. എച്ച് ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസെടുത്തു. 90 പേർ പങ്കെടുത്തു.

**ചാവക്കാട് :** പാലക്കാട് മേഖലാ ക്യാമ്പ് ചാവക്കാട് മസ്ജിദിൽ മേഖലാ സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാന സദ്ർ സിദ്ദീഖ സാഹിബ ഉദ്ഘാടനം ചെയ്തു. ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ്മാർ ക്ലാസെടുത്തു. ചാവക്കാട് സദ്ർ ഹംസ മാസ്റ്റർ സാഹിബ് ആശംസകൾ നേർന്നു സംസാരിച്ചു. 81 പേർ പങ്കെടുത്തു.

**കോഴിക്കോട് :** കോഴിക്കോട് - മലപ്പുറം മേഖലാ ക്യാമ്പ് കോഴിക്കോട് ബയ്തുൽ ഖുദ്ദൂസിൽ നാഇബ് നാസിർ അഅ്ലാ ഖാദിയാൻ മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി സാജിദാ മുസഫർ അധ്യക്ഷയായി. മേഖലാ അമീർ കെ.എം. അഹ്മദ് കോയാസാഹിബ്, സർക്കിൾ ഇൻചാർജ് മൗ. പി. എം. മുഹമ്മദ് സലിം സാഹിബ്, ലജ്നാ സംസ്ഥാന സദ്ർ സിദ്ദീഖ ബീബി സാഹിബ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗുമാർ ക്ലാസെടുത്തു. 132 പേർ പങ്കെടുത്തു.

**കണ്ണൂർ :** കണ്ണൂർ മേഖലാ ക്യാമ്പ് സിറ്റി മസ്ജിദിൽ സംഘടിപ്പിച്ചു. മേഖലാ സെക്രട്ടറി സാഹിബ അധ്യക്ഷത വഹിച്ചു. മേഖലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. സിറ്റി പ്രാദേശിക അമീർ കെ.സി സ്വാലിഹ് സാഹിബ്, മുബല്ലിഗ് മൗ. ടി.എം. മുഹമ്മദ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു. മൗ. എച്ച് ശംസുദ്ദീൻ സാഹിബ്, മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ്, മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ് എന്നിവർ ക്ലാസെടുത്തു. 80 പേർ പങ്കെടുത്തു.

## പ്രാദേശിക ഇജ്ത്തിമ

പാലക്കാട്: പാലക്കാട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ജൂലൈ 10 ഞായറാഴ്ച പ്രാദേശിക ഇജ്ത്തിമ സംഘടിപ്പിച്ചു.പാലക്കാട് ലോക്കൽ ഖാഇദ് ജനാബ് അൻവർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഖുദ്ദാമുൽ അഹ്മദിയ്യ ഇലാഖാ ഖാഇദ് മുശ്ത്താഖ് അഹ്മദ് സാഹിബ് ഇജ്ത്തിമ ഉൽഘാടനം ചെയ്തു.



പാലക്കാട് ജമാഅത്ത് പ്രസിഡന്റ് ഹമീദ് സാഹിബ്,പാലക്കാട് ജില്ലാ ഖാഇദ് ഹാരിസ് സാഹിബ് ,പാലക്കാട് മജ്ലിസ് അൻസാറുള്ളാ സഈം താജുദ്ദീൻ സാഹിബ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഇജ്ത്തിമയിലെ വൈജ്ഞാനിക -കായിക മത്സരങ്ങളിൽ 22ഓളം ഖാദിമീങ്ങളും അത്ഫാലുകളും പങ്കെടുത്തു.മൗലവി ഉസ്മാൻ സാഹിബിന്റെ തർബിയ്യത്ത് ക്ലാസ്സും ഉണ്ടായിരുന്നു

## ദഅ്വത്തെ ഇലല്ലാഹ് ക്ലാസ്


**അലനല്ലൂർ :** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദഅ്വത്തെ ഇലല്ലാഹ് ക്ലാസിൽ സെക്രട്ടറി വി.പി. ശൗകത്ത് അലി സാഹിബ് അധ്യക്ഷതവഹിച്ചു. മൗ. എച്ച്. ശംസുദ്ദീൻ സാഹിബ് ക്ലാസെടുത്തു. സി.പി.സിദ്ധീഖ് സാഹിബ് തിലാവത്തും, മുബാറക് അഹ്മദ് പദ്യവും കേൾപ്പിച്ചു.

**കണ്ണൂർ :** മജ്. അൻസാറുല്ലാഹ് കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗണിലെ ഡോ. ബി. മൻസൂർ ഹാളിൽ ദഅ്വത്തെ ഇലല്ലാഹ് ക്യാമ്പ് സംഘടിപ്പിച്ചു.

മേഖലാ നാസിം. പി.പി. നാസിറുദ്ദീൻ സാഹിബ് അധ്യക്ഷതവഹിച്ചു. മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ്. മൗ. സി.പി. മൊയ്തീൻ കുട്ടി സാഹിബ് എന്നിവർ ക്ലാസെടുത്തു.

## മൗലവി വസീം സിദ്ദീഖ് സാഹിബ് നാഇബ് നാസിർ ബയ്തുൽ മാൽ ആമദ്

**ഖാദിയാൻ :** മൗലവി വസീം അഹ്മദ് സിദ്ദീഖ് സാഹിബിനെ നാഇബ് നാസിർ ബയ്തുൽ മാൽ (ആമദ്) ആയി നിയമിച്ചുകൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായിരിക്കുന്നു.



കേരളത്തിലെ പ്രഥമ സുബായി അമീർ സിദ്ദീഖ് അമീർ അലി സാഹിബിന്റെ പുത്രനായ മൗ. വസീം സാഹിബ് 1987ലാണ് ജാമിഅ പഠനം പൂർത്തിയാക്കിയത്. തുടർന്ന് കോഴിക്കോട്, കരുളായി, പത്തപ്പിരിയം, ചുങ്കത്തറ, തിരൂർ, മർക്കര ജമാഅത്തുകളിൽ മുബല്ലിഗ് ആയി സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് ബയ്തുൽമാൽ ഇൻസ്പെക്ടറായി ചുമതലയേറ്റത്. ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ഇൻസ്പെക്ടറായി സേവനം ചെയ്തിട്ടുണ്ട്.

ജാമിഅയിൽ പഠിക്കുമ്പോൾ മലയാളി സ്റ്റുഡന്റ്സ് അസോസിയേഷന്റെ സജീവ പ്രവർത്തകനായിരുന്ന മൗ. വസീം സാഹിബ് മജ്. ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ കേരളസെക്ഷനിൽ മലയാളിയായ പ്രഥമ ഇൻചാർജ് ആയിരുന്നു.

മുൻ സുബാഇ ഖാഇദും, മൊഗ്രാൽ ജമാഅത്ത് പ്രസിഡണ്ടുമായ സിദ്ദീഖ് അശ്റഫ് അലി സാഹിബ് ജ്യേഷ്ഠ സഹോദരനാണ്.

## തബ്ലീഗ് തർബിയത്ത് ക്യാമ്പ്

**എറണാകുളം:** എറണാകുളം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മസ്ജിദ് ഉമറിൽ വെച്ച് ഖാദിംകൾക്കും അത്ഫാലുകൾക്കുമായി തബ്ലീഗ് തർബിയത്ത് ക്യാമ്പ് സംഘടിപ്പിച്ചു. സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഖാഇദ് ഇജാസ് അഹ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മയ്യത്ത് പരിപാലനത്തെക്കുറിച്ച് മൗലവി മുഹുയുദ്ധീൻ സാഹിബ് ക്ലാസെടുത്തു. മൗലവി നാസിർ അഹ്മദ് സാഹിബ് തബ്ലീഗ് ചർച്ച നയിച്ചു. ക്യാമ്പിനോടനുബന്ധിച്ച് വഖാറെ അമലും കൂലൂജമീഅയും സംഘടിപ്പിച്ചിരുന്നു.

## സ്ക്കൂൾബാഗ് വിതരണം ചെയ്തു

പത്തപ്പിരിയം:ഖുദ്ദാമുൽ അഹ്മദിയ്യായുടെ സൃഷ്ടിസേവന വകുപ്പിന്റെ കീഴിൽ 15 വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്ക്കൂൾ ബാഗുകൾ വിതരണം ചെയ്തു.സെക്രട്ടറി സി.കെ തൻവീർ സാഹിബിന്റെ നേതൃത്യത്തിൽ എം.സി. സുലൈമാൻ സാഹിബാണ് വിതരണം നിർവ്വഹിച്ചത്.

## വഖാറെ അമൽ

**പത്തപ്പിരിയം:** ജൂൺ 19 ഞായറാഴ്ച ഖാദിം സഹോദരന്മാർ മഞ്ചേരി - ഊട്ടി റോഡിൽ ശുചീകരണ പ്രവർത്തനം നടത്തി.വാഹനങ്ങൾക്ക് തടസ്സമായി വളർന്നുനിന്നിരുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റുകയും കാൽ നടയാത്രക്കാർക്ക് ബുദ്ധിമുട്ടായി മാറിയ മഴവെള്ളം നിയന്ത്രിക്കുകയും ചെയ്തു. അതിന് ശേഷം പള്ളിയും പരിസരവും വൃത്തിയാക്കി.

സുബ്ഹി നമസ്ക്കാര ശേഷം ആരംഭിച്ച വഖാറെ അമലിന് ഖാഇദ് പി.പി മുസദ്ദിഖ് സാഹിബ് നേതൃത്വം നൽകി.

## സ്പോർട്ട്സ് മീറ്റ്

**കരുളായി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും സംയുക്ത ആഭിമുഖ്യത്തിൽ കരുളായി ഫസ്ലെ ഉമർ സ്കൂളിൽ വെച്ച് നടത്തിയ വിവിധയിനം കായിക മത്സരങ്ങളിൽ ഫുട്ബോൾ വോളിബോൾ, കബഡി എന്നീ ടീമിനങ്ങളും വ്യക്തിഗത ഇനങ്ങളായ ഓട്ടമത്സരങ്ങൾ,പഞ്ചഗുസ്തി എന്നിവ നടത്തുകയുണ്ടായി. ഖുദ്ദാം- അത്ഫാൽ അംഗങ്ങൾ വളരെ ആവേശപൂർവ്വമാണ് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത്.

## മദ്ധ്യമേഖലാ ഇജ്ത്തിമ പള്ളിപ്പുറത്ത്

**പള്ളിപ്പുറം:** മദ്ധ്യമേഖലാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും ഇജ്ത്തിമ സെപ്റ്റംബർ 10,11 തിയ്യതികളിൽ പള്ളിപ്പുറത്ത് വെച്ച് നടത്താൻ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മദ്ധ്യമേഖലാ ഭാരവാഹികളുടെ യോഗത്തിൽ തീരുമാനിച്ചു.



കരുനാഗപള്ളി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സംഘടിപ്പിച്ച ഉല്ലാസയാത്രയിൽ പങ്കെടുത്തവർ.

The Editor, AL HAQ
C/o Majlis Khuddamul Ahmadiyya
Karulai , Malappuram, Kerala

E.mail: alhaqeditor@gmail.com

**AL HAQ** VOL: 19, ISSUE:6
August 2011

### ഹുസൂർ തിരുമനസിന്റെ വന്ദ്യമാതാവ്

# ഹദ്റത് നാസിറ ബേഗം സാഹിബ ദിവംഗതയായി

**ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ**

റബ്‌വ: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ മൂത്ത പുത്രിയും പാക്കിസ്ഥാനിലെ മുൻ നാസിർ അഅ്‌ലാ ഹ.മിർസാ മൻസൂർ അഹ്‌മദ് സാഹിബ് (റഹ്) ന്റെ ധർമ പത്നിയും ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) ന്റെ വന്ദ്യമാതാവുമായ ഹദ്റത്ത് സാഹിബ് സാദി നാസിറ ബേഗം സാഹിബ (100) 2011 ജൂലൈ 29ന് വൈകിട്ട് 6.45ന് റബ്‌വയിലെ സ്വവസതിയിൽ ദിവംഗതയായി.


ഹ.മിർസാ മൻസൂർ അഹ്‌മദ് സാഹിബ്

ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.
ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത പൗത്രിയായ നാസിറ ബേഗം സാഹിബക്ക് ഈ കുടുംബത്തിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചിരിക്കാനും സൗഭാഗ്യം ലഭിച്ചു.

കുറച്ച് വർഷങ്ങളായി വാർദ്ധക്യ സഹജമായ രോഗങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ആറ് മാസം മുമ്പാണ് രോഗം മൂർച്ഛിച്ചത്. കഴിഞ്ഞ കുറച്ച് കാലമായി ശയ്യാവലംബിയായിരുന്നു.

1911 സെപ്തംബറിൽ ഖാദിയാനിലാണ് ഭൂജാതയായത്. ഉമ്മെ നാസിർ ഹ. സയ്യിദ മഹ്‌മൂദ ബേഗം സാഹിബയാണ് മാതാവ്. 1929ൽ മൗലവി ഫാസിൽ പരീക്ഷയും 1931ൽ മെട്രിക്കും പാസായി. തുടർന്ന് FA വരെ പഠിച്ചിട്ടുണ്ട്.

1933 മെയ് 25ന് കേവലം 22 വയസ്സുള്ളപ്പോഴാണ് വസിയ്യത്ത് ചെയ്തത്.

1934 ജൂലൈ 2ന്, ഹദ്റത്ത് മിർസാ ശരീഫ് അഹ്‌മദ് സാഹിബിന്റെ മൂത്തപുത്രൻ ഹ. മിർസാ മൻസൂർ അഹ്‌മദ് സാഹിബ് (റഹ്) മായി നിക്കാഹും ആഗസ്റ്റ് 26ന് വിവാഹവും നടന്നു. ഹ മുസ്‌ലിഹ് മൗഊദ് (റ) വാണ് നിക്കാഹ് ഖുത്ബ നിർവ്വഹിച്ചത്. ഈ ഖുത്ബയിൽ ഹുസൂർ (റ) പറഞ്ഞു: ഹ. മസീഹ് മൗഊദ് (അ)ന്റെ മക്കളുടെ കടമ, അവരുടെ ജീവിതം തരിശ് ഭൂമിയിൽ കഴിച്ച് കൂട്ടുന്നതു പോലെ യായിരിക്കണം. തങ്ങളെ ദീനി ആവശ്യങ്ങൾക്ക് വേണ്ടി സമർപ്പിക്കുകയും വേണം. (ഖുതുബാത്തെ മഹ്‌മൂദ്)

നീണ്ട കാലം റബ്‌വ പ്രാദേശിക ലജ്ന ഇമാഇല്ലാഹ്‌യുടെ സദ്ർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) മൂത്ത സഹോദരനും ഹ.ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇളയ സഹോദരനുമാണ്. ഒന്നാം ഖലീഫ (റ) യുടെ മകൾ ഹ. അമത്തുൽ ഹയ് ബേഗം സാഹിബ (ഹ. മുസ്‌ലിഹ് മൗഊദ് (റ) ന്റെ രണ്ടാമത്തെ സഹധർമിണി) ഏളാമയുമാണ്.


മിർസാ മഗ്ഫൂർ അഹ്‌മദ് സാഹിബ്


മിർസാ ഇദ്‌രീസ് അഹ്‌മദ് സാഹിബ് മർഹൂം

അഞ്ച് ഖിലാഫത്ത് കാലങ്ങളിൽ ജീവിച്ചിരിക്കാൻ സൗഭാഗ്യം ലഭിച്ച അത്യപൂർവ്വം വ്യക്തിത്വങ്ങളിൽ ഒരാളാണ് മർഹൂമ.

2005ൽ ഖാദിയാൻ ജൽസയിൽ പങ്കെടുക്കുകയുണ്ടായി. ഖലീഫയായതിനുശേഷം ഹുസൂറിനെ ആദ്യവും അവസാനവും കാണുന്നത് ഈ അവസരത്തിലാണ്.

മക്കൾ:

1.ഹ. സയ്യിദ അമത്തുർറഊഫ് സാഹിബ, W/o ഹ. സയ്യിദ് മിർ മസ്ഊദ് അഹ്‌മദ് സാഹിബ്

2.ഹ. മിർസാ. ഇദ്‌രീസ് അഹ്‌മദ് സാഹിബ് മർഹൂം


ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് സാഹിബ്

3.ഹ. അമത്തുൽ ഖുദ്ദൂസ് ബേഗം സാഹിബ,W/o. മിർസാ ഗുലാം അഹ്‌മദ് സാഹിബ്

4.ഹ. മിർസാ മഗ്ഫൂർ അഹ്‌മദ് സാഹിബ്

5.ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് സാഹിബ് (അയ്യദഹുല്ലാഹ്)



മിർസാ ഗുലാം അഹ്‌മദ് സാഹിബ്

ജൂലൈ 30 ന് ഇന്ത്യൻ സമയം വൈകീട്ട് 6 മണിക്ക് റബ്‌വയിൽ നാസിർ അഅ്‌ലാ ഹദ്റത്ത് മിർസാ ഖുർശിദ് അഹ്‌മദ് സാഹിബ് ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകി. ബിഹിശ്തി മഖ്ബറയിൽ ഖബറടക്കി.

ജനാസ നമസ്ക്കാരം എം.ടി.എ യിൽ തൽസമയ സംപ്രേഷണം ഉണ്ടായിരുന്നു.


അല്ലാഹു മർഹൂമക്ക് മഗ്ഫിറത്തും സ്വർഗത്തിൽ ഉന്നത സ്ഥാനങ്ങളും സാമീപ്യവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

- സഗീർ.എച്ചെസ്

*സ്മൃതിപഥം*

# ധന്യമായ ഒരു യാത്രാനുഭവം

**സജിത്ത് പടിയത്ത്**



2005-ൽ ഹുസൂറുമൊന്നിച്ച് ആഗ്രയിലെക്ക് പോകും വഴി ഞങ്ങളുടെ ഖാഫില ഒരു റിസോർട്ടിൽ ഭക്ഷണത്തിന് ഇറങ്ങുകയുണ്ടായി. അതിനിടയിൽ ഹദ്റത് മിയാൻ സാഹിബ് എന്നെ വിളിച്ചു ചോദിച്ചു താങ്കൾ എപ്പോഴാണ് നാട്ടിൽ പോകുന്നത്? അടുത്ത ദിവസം തന്നെ നാട്ടിൽ പോകുന്ന വിവരം ഞാൻ പറഞ്ഞു. അപ്പോൾ ഹ. മിയാൻ സാഹിബ് പറഞ്ഞു. നാളെ ഹുസൂർ തിരുമനസ്സിന്റെ ഉമ്മ വരുകയാണ്. താങ്കൾ വാഗാ ബോർഡറിലെത്തി അവരെ കൊണ്ടുവരണം. ഉടൻതന്നെ ഞാൻ നാട്ടിലേക്കുള്ള ഫ്ളൈറ്റ് ക്യാൻസൽ ചെയ്ത് വാഗയിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലായി. ഞാൻ ചിന്തിച്ചു, ഞാൻ ആരെയാണ് കൊണ്ടുവരാൻ പോകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പൗത്രി, ഹ. മുസ്‌ലിഹ് മൗഊദ് (റ) ന്റെ മകൾ, രണ്ട് ഖലീഫമാരുടെ സഹോദരി, ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹിന്റെ ഉമ്മ പലരും എന്നോട്, ആ മഹതിയോട് ദുആക്ക് അപേക്ഷിക്കുവാൻ ഏൽപ്പിച്ചിരുന്നു.

അങ്ങനെ ഞാൻ വാഗയിലെത്തി. ഹുസൂറിന്റെ ഉമ്മയും പെങ്ങളും സഹോദരീ ഭർത്താവും വരുകയാണ്. ശാരീരിക അസ്വസ്ഥതകൾ ഉള്ളത്കൊണ്ട് കാറിന്റെ മുൻവശത്തെ സീറ്റിലാണ് അവർക്ക് ഇരിക്കേണ്ടത്. ഹുസൂറിന്റെ സഹോദരീ ഭർത്താവ്, അവരെ കാറിനെക്കുറിച്ചും എന്നെ കുറിച്ചുമൊക്കെ പറഞ്ഞ് മനസ്സിലാക്കി. അങ്ങനെ അവർ കാറിൽ കയറി. ഞാൻ എനിക്ക് വേണ്ടി ദുആ ചെയ്യാൻ പറയാനും അദ്ദേഹത്തോട് പറഞ്ഞിരുന്നു. അവർ കാറിൽ കയറി ദുആ ചെയ്തു.

മാത്രമല്ല ഖാദിയാനിൽ എത്തുംവരെ ആ മഹതി ദുആയിലും സ്വലാത്തിലും ദിക്റിലും തന്നെയായിരുന്നു. ഖാദിയാനിൽ ആദ്യം ബിഹിശ്തി മഖ്ബറയിൽ പോകാനാണ് നിർദ്ദേശിച്ചത്. അങ്ങിനെ അവിടെയെത്തി അവർ ദീർഘ നേരം ദുആ ചെയ്തു.

തുടർന്ന് ദാറുൽ മസീഹിൽ എത്തിച്ച്, ഹ.മിയാൻ സാഹിബിനെ കാണാൻ ചെന്നപ്പോൾ അദ്ദേഹം എന്നെ ആലിംഗനം ചെയ്ത് സന്തോഷം പങ്കു വെക്കുകയുണ്ടായി.

എന്നെ സംബന്ധിച്ചിടത്തോളം 2005 ജൽസ അനുഗ്രഹങ്ങളുടേതായിരുന്നു.ഹുസൂറിന്റെ ഡ്രൈവറും ഹുസൂറിന്റെ വന്ദ്യമാതാവിന്റെ ഡ്രൈവറും ആയി സേവനത്തിന് സൗഭാഗ്യം ലഭിച്ചു. അതും അവരുടെ അടുത്ത സീറ്റിലിരുന്ന്. അതേ, മലക്കുകളുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന ആ യാത്രയുടെ ധന്യത വാക്കുകൾക്ക് അതീതമാണ്.

Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Orange ,Calicut